06
ചൊവ്വ
ഡിസംബർ 2022
1198വൃശ്ചികം 19

ലോകത്തിന്റെ കണ്ണുകൾ പന്തിന് പിറകെ....

# കേരള പ്രണാമം

സത്യം വദ ധർമ്മം ചര

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 09
www.keralapranamam.com
infokeralapranamam@gmail.com



## വിഴിഞ്ഞം സമരം: സമവായനീക്കങ്ങൾ ഫലം കണ്ടില്ല, ഇന്ന് വീണ്ടും ചർച്ച

**തിരുവനന്തപുരം:** വിഴിഞ്ഞം സമരം ഒത്ത് തീർപ്പാക്കാനുള്ള ഇന്നത്തെ സമവായനീക്കങ്ങൾ ഫലം കണ്ടില്ല. ഒത്ത് തീർപ്പ് നിർദേശങ്ങളിൽ പലതിലും ധാരണയിലെത്തിയില്ല. ഉന്നയിച്ച ആവശ്യങ്ങളിൽ സർക്കാർ കൃത്യമായ ഉറപ്പ് നൽകിയാൽ ചർച്ചക്ക് തയാറെന്നാണ് സമരസമിതി നിലപാട്. ഇന്ന് സമരസമിതിയുമായി വീണ്ടും ചർച്ച നടത്താനാണ് മന്ത്രിസഭാ ഉപസമിതി നീക്കം.വൈകീട്ട് മുഖ്യമന്ത്രിയും മന്ത്രിസഭാ ഉപസമിതിയും യോഗം ചേർന്ന ശേഷം സമരസമിതിയുമായി ചർച്ച നടത്താനായിരുന്നു ധാരണ. എന്നാൽ അനുരജ്ഞന ചർച്ചകളിൽ ഉയർന്ന് വന്ന നിർദേശങ്ങളിൽ ഇനിയും വ്യക്തത ആകാത്തതിനാൽ സമരസമിതി-സർക്കാർ ചർച്ച നടന്നില്ല. തീരശോഷണം പഠിക്കാനുള്ള വിദഗ്ധസമിതിയിൽ സമരസമിതി നിർദ്ദേശിക്കുന്ന പ്രതിനിധിയെ വെക്കണമെന്ന ആവശ്യത്തിൽ സർക്കാർ വഴങ്ങിയിട്ടില്ല.തീരത്ത് നിന്നും മാറിതാമസിക്കുന്നവർക്കുള്ള വീട്ടുവാടക 5500 ൽ നിന്നും 8000 ആക്കാമെന്ന് സർക്കാർ വാഗ്ദാനം നൽകിയിരുന്നു. എന്നാൽ കൂട്ടുന്ന തുക അദാനിഗ്രൂപ്പിൻറെ സിഎസ്ആർ ഫണ്ടിൽ നിന്നും നൽകാനായിരുന്നു നീക്കം. ഇതിനെ സമരസമിതി എതിർത്തു. നാളെ പകൽ വീണ്ടും അനുരജ്ഞന നീക്കം നടത്തി വൈകീട്ടോടെ മന്ത്രിസഭാ ഉപസമിതി സമരക്കാരുമായി ചർച്ച നടത്താനാണ് ശ്രമം.

## കൊല്ലപ്പെട്ടത് അതിഥിയെന്ന് പ്രോസിക്യൂഷൻ, ജീവിക്കണമെന്ന് പ്രതികൾ; കോവളം കേസിൽ ശിക്ഷ ഇന്ന്

**തിരുവനന്തപുരം:** കോവളത്ത് വിദേശ വനിതയെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ കേസിൽ ശിക്ഷാവിധി ഇന്നത്തേക്ക് മാറ്റി. തിരുവനന്തപുരം ഒന്നാം അഡീഷണൽ ജില്ലാ സെഷൻസ് ജഡ്ജി കെ. സനിൽകുമാറാണ് ശിക്ഷാവിധി മാറ്റിവെച്ചത്. കേസിലെ പ്രതികളായ ഉമേഷ്, ഉദയൻ എന്നിവർ കുറ്റക്കാരാണെന്ന് കോടതി കഴിഞ്ഞ വെള്ളിയാഴ്ച കണ്ടെത്തിയിരുന്നു.

ഏറെ കോളിളക്കം സൃഷ്ടിച്ച കേസിൽ തിങ്കളാഴ്ച ശിക്ഷ വിധിക്കുമെന്നായിരുന്നു ആദ്യം അറിയിച്ചിരുന്നത്. ഇതനുസരിച്ച് തിങ്കളാഴ്ച പ്രതികളെ കോടതിയിൽ ഹാജരാക്കി. നമ്മുടെ നാട്ടിൽ അതിഥിയായി എത്തിയ യുവതിയാണ് കൊല്ലപ്പെട്ടതെന്നും രാജ്യാന്തരതലത്തിൽ ഉറ്റുനോക്കുന്ന വിധിയാണിതെന്നും പ്രോസിക്യൂഷൻ കോടതിയിൽ പറഞ്ഞു. അപൂർവങ്ങളിൽ അപൂർവമായ കേസാണെന്നും പ്രതികൾക്ക് പരമാവധി ശിക്ഷയായ വധശിക്ഷ നൽകണമെന്നും പ്രോസിക്യൂഷൻ ആവശ്യപ്പെട്ടു. കൊല്ലപ്പെട്ട യുവതിയുടെ സഹോദരിക്ക് സർക്കാർ സാമ്പത്തിക സഹായം നൽകണമെന്നും പ്രോസിക്യൂഷൻ കോടതിയിൽ പറഞ്ഞിരുന്നു.

എന്നാൽ, ദൃക്സാക്ഷികളില്ലാത്ത കേസാണെന്നും ശിക്ഷയിൽ ഇളവ് വേണമെന്നുമായിരുന്നു പ്രതിഭാഗത്തിന്റെ വാദം. കേസിൽ സാഹചര്യത്തെളിവുകൾ മാത്രമാണുള്ളത്. ശിക്ഷ വിധിക്കുമ്പോൾ പ്രതികളുടെ പ്രായം പരിഗണിക്കണമെന്നും പ്രതിഭാഗം കോടതിയിൽ പറഞ്ഞു. പ്രതികളെ ഹാജരാക്കിയപ്പോൾ 'നിങ്ങൾ ചെയ്ത തെറ്റിന് തൂക്കുകയറാണ് ശിക്ഷ എന്നറിയാമല്ലോ' എന്ന് കോടതി ചോദിച്ചു. 'ഞങ്ങൾക്ക് ജീവിക്കണം' എന്നായിരുന്നു ഇതിന് പ്രതികൾ നൽകിയ മറുപടി.

കോവളം വാഴമുട്ടം സ്വദേശികളായ ടൂറിസ്റ്റ് ഗൈഡ് ഉദയൻ, കെയർ ടേക്കർ സ്ഥാപനത്തിലെ ജീവനക്കാരനായ ഉമേഷ് എന്നിവരാണ് കേസിലെ പ്രതികൾ. ഇവർക്കെതിരേ പോലീസ് ചുമത്തിയിരുന്ന കൊലക്കുറ്റം, മരണകാരണമായേക്കാവുന്ന പീഡനം, കൂട്ടബലാത്സംഗം, തെളിവുനശിപ്പിക്കൽ, അന്യായമായി തടങ്കലിൽ വയ്ക്കൽ, മയക്കുമരുന്നു നൽകൽ എന്നീ കുറ്റങ്ങളെല്ലാം നിലനിൽക്കുമെന്ന് കോടതി കണ്ടെത്തിയിരുന്നു.

2018 ഫെബ്രുവരി മൂന്നിനാണ് ലാത്വിയൻ യുവതി പോത്തൻകോട് അരുവിക്കോണത്തെ ആയുർവേദ ചികിത്സാകേന്ദ്രത്തിൽ വിഷാദരോഗ ചികിത്സയ്ക്കായി എത്തിയത്. ഇവിടെനിന്ന് മാർച്ച് 14-ന് കാണാതായ യുവതിയുടെ മൃതദേഹം കോവളം വാഴമുട്ടത്തെ കൂനംതുരുത്തിലെ വള്ളിപ്പടർപ്പുകൾക്കിടയിൽ തൂങ്ങിക്കിടക്കുന്ന നിലയിൽ ഏപ്രിൽ 20-ന് കണ്ടെത്തി. മൃതദേഹം അഴുകിയ നിലയിലായിരുന്നു.

ആയുർവേദ ചികിത്സാകേന്ദ്രത്തിൽ നിന്ന് ഓട്ടോറിക്ഷയിൽ കോവളത്തെത്തിയ യുവതിയെ കഞ്ചാവുബീഡി നൽകി അബോധാവസ്ഥയിലാക്കിയ ശേഷം പ്രതികൾ പീഡിപ്പിച്ചു കൊലപ്പെടുത്തി വള്ളിപ്പടർപ്പുകൾക്കിടയിൽ കെട്ടിത്തൂക്കിയെന്നാണ് പ്രോസിക്യൂഷൻ കേസ്.

മരിച്ച യുവതിയുടെ ശരീരത്തിൽ ഡയാറ്റം ബാക്ടീരിയ കണ്ടെത്തിയെന്ന കെമിക്കൽ എക്സാമിനറുടെ മൊഴി മുങ്ങിമരണത്തിനുള്ള സാധ്യതയാണു കാണിക്കുന്നതെന്ന് പ്രതിഭാഗം ചൂണ്ടിക്കാട്ടിയെങ്കിലും പ്രോസിക്യൂഷൻ നിരത്തിയ സാഹചര്യത്തെളിവുകളടക്കമുള്ളവ കോടതി അംഗീകരിക്കുകയായിരുന്നു. രണ്ടു സാക്ഷികൾ കൂറുമാറുകയും ചെയ്തിരുന്നു. പ്രോസിക്യൂഷനുവേണ്ടി ഹാജരായത് സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ മോഹൻരാജാണ്. ഫോർട്ട് അസിസ്റ്റന്റ് കമ്മിഷണർ ജെ.കെ. ദിനിലായിരുന്നു അന്വേഷണോദ്യോഗസ്ഥൻ.



## വീണ്ടും വിവാദത്തിലേയ്ക്ക്

### 143 ദിവസം സംസ്ഥാനത്തിനു പുറത്ത്, ചെലവാക്കിയത് 1 കോടിയിലധികം; മാർഗനിർദേശങ്ങൾ പാലിക്കാതെ ഗവർണർ

**തിരുവനന്തപുരം:** സംസ്ഥാനത്ത് ചെലവഴിക്കേണ്ട ദിവസങ്ങളുടെയും യാത്രാ ചെലവിൻറെയും കാര്യത്തിൽ ഗവർണർമാർക്കുള്ള മാർഗനിർദ്ദേശങ്ങൾ പാലിക്കാതെ കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. ഒരു മാസം 25 ദിവസമെങ്കിലും ഗവർണർ സംസ്ഥാനത്ത് ഉണ്ടാകണമെന്ന മാർഗനിർദ്ദേശമാണ് ഗവർണർ ലംഘിച്ചത്. 2022 നവംബറിൽ 20 ദിവസവും സംസ്ഥാനത്തിന് പുറത്തായിരുന്ന ഗവർണർ ഈ വർഷം 143 ദിവസത്തോളം യാത്രയിലായിരുന്നു. ഇതിനായി സർക്കാർ ഖജനാവിൽ നിന്ന് 2022-ൽ 11.63 ലക്ഷം രൂപയും 2021-ൽ 5.34 ലക്ഷം രൂപയും ചെലവിട്ടിരുന്നു. ഗവർണറുടെയൊപ്പം യാത്രചെയ്യുന്ന സുരക്ഷാ ഉദ്യോഗസ്ഥരുടെ ചെലവുകൾകൂടി പരിശോധിക്കുമ്പോൾ വൻ തുകയാണ് യാത്രായിനത്തിൽ വിനിയോഗിക്കുന്നത്.2021-ൽ 82 ദിവസത്തോളം സംസ്ഥാനത്തിന് പുറത്തായിരുന്ന ഗവർണറുടെ അമിതയാത്ര ചൂണ്ടിക്കാട്ടി രാഷ്ട്രപതിഭവൻ ഇടപെട്ടിരുന്നു. ഒരു മാസത്തിൽ അഞ്ച് ദിവസത്തിൽ കൂടുതൽ ഗവർണർമാർ സംസ്ഥാനത്തിന് പുറത്തുപോകരുതെന്നാണ് ചട്ടം. എന്നാൽ താൻ രേഖകളെല്ലാം സമർപ്പിച്ചതിനെ തുടർന്ന് ചട്ടം പാലിക്കുന്നതിൽ നിന്ന് തന്നെ ഒഴിവാക്കിയിട്ടുണ്ടെന്നാണ് ഗവർണറുടെ വാദം. 2022 മാർച്ച് മാസത്തിൽ 19 ദിവസം സംസ്ഥാനത്തിന് പുറത്തായിരുന്ന ഗവർണർ, ജൂണിലും ആഗസ്റ്റിലും 17 ദിവസം വീതം യാത്രയ്ക്കായി മാറ്റിവെച്ചു. യാത്രകളിൽ കൂടുതലും ഡൽഹിയിലേക്കും ഉത്തർപ്രദേശിലേക്കുമാണ്. 2021-ലും സമാനമായ രീതിയിൽ പല മാസങ്ങളിലും അനുവദനീയമായ ദിവസങ്ങളിൽ കൂടുതൽ ഗവർണർ സംസ്ഥാനത്തിന് പുറത്തായിരുന്നു.ടൂർ എക്സ്പെൻസസ് എന്ന അക്കൗണ്ടിൽ നിന്നാണ് ഗവർണറുടെ യാത്രാചെലവുകൾക്കുള്ള പണം വിനിയോഗിക്കുന്നത്. പി. സദാശിവം സ്ഥാനത്തുനിന്ന് മാറി ആരിഫ് മുഹമ്മദ് ഖാൻ ചുമതലയേറ്റ 2019-20 സാമ്പത്തിക വർഷം 18.47 ലകഷം രൂപയാണ് ഗവർണറുടെ യാത്രാച്ചെലവ്. നാല് വർഷത്തിനിടെ 46.55 ലക്ഷം രൂപയാണ് ഗവർണറുടെ യാത്രകൾക്ക് മാത്രം ചെലവായത്. കൂടെ യാത്രചെയ്യുന്ന ഉദ്യാഗസ്ഥർക്കായി ചെലവിട്ടത് ഒരു കോടി രൂപയും.

ഇതരസംസ്ഥാനങ്ങളിൽ നിന്ന് പ്രഭാഷണങ്ങൾക്കും മറ്റു പരിപാടികൾക്കും ക്ഷണിക്കുന്നതിനാലാണ് കേരളത്തിന് പുറത്തേക്ക് നിരന്തരം യാത്ര വേണ്ടിവരുന്നതെന്നാണ് ഗവർണറുടെ വാദം.

## ദാനം ചെയ്യുന്നത് നല്ലകാര്യം, പക്ഷേ ലക്ഷ്യം മതപരിവർത്തനമാകരുത് – സുപ്രീം കോടതി

**ന്യൂഡൽഹി:** നിർബന്ധിത മതപരിവർത്തനത്തിനെതിരെ വീണ്ടും രൂക്ഷവിമർശനവുമായി സുപ്രീം കോടതി. ദാനം ചെയ്യുന്നത് നല്ല കാര്യം ആണെങ്കിലും ലക്ഷ്യം മതപരിവർത്തനം ആകരുതെന്നും കോടതി നിർദേശിച്ചു. ഭീഷണിയിലൂടെയും സമ്മർദ്ദത്തിലൂടെയും മതപരിവർത്തനം നടത്താൻ ആർക്കും അധികാരമില്ലെന്നും സുപ്രീം കോടതി വ്യക്തമാക്കി.മതപരിവർത്തനം തടയാൻ നിയമം കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ട് ബി.ജെ.


പി. നേതാവ് അശ്വിനി ഉപാധ്യായ നൽകിയ ഹർജി പരിഗണിക്കവേയാണ് സുപ്രീം കോടതിയുടെ നിരീക്ഷണം.

നിർബന്ധിത മതപരിവർത്തനം തടയുന്നതിനുള്ള നിയമങ്ങളെ സംബന്ധിച്ച് സംസ്ഥാന സർക്കാരുകളുടെ അഭിപ്രായം കൂടി ക്രോഡീകരിച്ച ശേഷം വിശദമായ സത്യവാങ്മൂലം ഫയൽ ചെയ്യാൻ കേന്ദ്ര സർക്കാരിനോട് സുപ്രീം കോടതി നിർദേശിച്ചു. മതപരിവർത്തനം തടയുന്നതിന് വിവിധ സംസ്ഥാനങ്ങളിലുള്ള സംവിധാനങ്ങൾ അറിയിക്കാനും കേന്ദ്ര സർക്കാരിനോട് സുപ്രീം കോടതി നിർദേശിച്ചിട്ടുണ്ട്.ഭരണഘടനയുടെ 25-ാം അനുച്ഛേദ പ്രകാരം മതം പ്രചരിപ്പിക്കുന്നതിനുള്ള അവകാശം പൗരന്മാർക്കുണ്ട്. എന്നാൽ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി നിർബന്ധിത മതപരിവർത്തനത്തിനുള്ള അധികാരമില്ലെന്നും വ്യക്തമാക്കി നേരത്തെ കേന്ദ്ര സർക്കാർ സുപ്രീം കോടതിയിൽ സത്യവാങ്മൂലം ഫയൽ ചെയ്തിരുന്നു.നിർബന്ധിത മതപരിവർത്തനം തടയുന്നതിന് ഒൻപത് സംസ്ഥാനങ്ങൾ ഇതിനകം നിയമം കൊണ്ടുവന്നിട്ടുണ്ട്. ഒഡീഷ, മധ്യപ്രദേശ്, ഗുജറാത്ത്, ഛത്തീസ്ഗഢ്, ജാർഖണ്ഡ്, ഉത്തരാഖണ്ഡ്, ഉത്തർപ്രദേശ്, കർണാടക, ഹരിയാണ എന്നീ സംസ്ഥാനങ്ങളാണ് നിയമം കൊണ്ട് വന്നിട്ടുള്ളതെന്നും കേന്ദ്രത്തിന്റെ സത്യവാങ്മൂലത്തിൽ ചൂണ്ടിക്കാട്ടിയിരുന്നു.

നിർബന്ധിത മതപരിവർത്തനം തടയുന്നതിന് ഗുജറാത്ത് സർക്കാർ ശക്തമായ നിയമം പാസ്സാക്കിയിട്ടുണ്ടെന്ന് സോളിസിറ്റർ




ജനറൽ തുഷാർ മേത്ത കോടതിയിൽ ചൂണ്ടിക്കാട്ടി. എന്നാൽ ഈ നിയമത്തിലെ സുപ്രധാന വ്യവസ്ഥകൾ സുപ്രീം കോടതി സ്റ്റേ ചെയ്തിരിക്കുക ആണെന്നും സോളിസിറ്റർ ജനറൽ വാദിച്ചു. ഇക്കാര്യം ചീഫ് ജസ്റ്റിസിന് മുന്നിൽ ഉന്നയിക്കാൻ ജസ്റ്റിസ് എം.ആർ. ഷാ അധ്യക്ഷനായ ബെഞ്ച് പറഞ്ഞു.




### ആശാൻ

ഫാദർ ഡിക്രൂസ് വികൃത-വർഗീയ മനസ്സിന്റെ ഉടമ; വസ്ത്രത്തിന്റെ മാന്യതപോലും കാണിച്ചില്ല സിപിഎം സംസ്ഥാന സെക്രട്ടറി



രാഷ്ട്രീയക്കാർക്കു നാക്ക് പിഴ സംഭവിച്ചാൽ ക്ഷമിക്കണോ?




പരാശക്തി ജ്യോതിഷ പീഠം
പോളി ജംഗ്ഷൻ – തൃപ്രയാർ
ഫോൺ: 9745205651, 9188205651

ജോത്സ്യൻ : ജി. എൻ. ബാബുജി

ജ്യോതിഷം, വെറ്റില ജ്യോതിഷം, താംബൂല പ്രശ്നം, അഷ്ട മംഗല പ്രശ്നം, ദേവ പ്രശ്നം, സ്വർണ്ണപ്രശ്നം, മഷിനോട്ടം, പരിഹാരം

മഹത്തായ യന്ത്രങ്ങൾ, ഏലസ്സുകൾ, വിദ്യാമഹാറാണി യന്ത്രം, സ്വയംവര യന്ത്രം, അർദ്ധനാരിശ്വരിയന്ത്രം, നെടുമംഗല്യം, അശ്വമേധം, സർപ്പഹരം, ഒമ്പത് ഗ്രഹങ്ങളുടേയും ദോഷപരിഹാരയന്ത്ര ഏലസ്സുകൾ, ഗരുഡമഹാമന്ത്ര യന്ത്ര ഏലസ്സ് എല്ലാ ദോഷപരിഹാരങ്ങൾക്കും

കേരള പ്രണാമം
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച



ലോകത്തിന്റെ
വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി

# എന്തിനാണ് അധികാരവർഗം കൊലപാതകികൾക്ക് പ്രോത്സാഹനം നൽകുന്നത് ?

കൊലക്കേസിൽ ശിക്ഷിക്കപ്പെട്ട രാഷ്ട്രീയ കുറ്റവാളികളെയും ശിക്ഷാകാലാവധിയിൽ ഇളവ് വരുത്തി വിട്ടയയ്ക്കാനുള്ള സുപ്രധാനമായ ഉത്തരവ് ആഭ്യന്തര വകുപ്പിൽനിന്ന് ഉണ്ടായിരിക്കുന്നു. 2018 ലെ മാനദണ്ഡപ്രകാരം രാഷ്ട്രീയ കൊലപാതക കേസുകളിൽ ശിക്ഷ വാങ്ങിയവർക്ക് ഇളവ് പാടില്ലെന്ന് പ്രത്യേകമായി ഉൾപ്പെടുത്തിയിരുന്നു. ഇതിലുണ്ടായ മാറ്റം പൂർണമായും സ്വീകരിക്കാൻ പൊതുസമൂഹം തയാറായിട്ടില്ലെന്നതിന്റെ തെളിവാണ് ഉയരുന്ന വിമർശനങ്ങളും ആശങ്കയും.കഴിഞ്ഞമാസം 23-ന് ചേർന്ന മന്ത്രിസഭായോഗമാണ് ഇത്തരത്തിലൊരു തീരുമാനം എടുത്തതെങ്കിലും വിശദവിവരങ്ങൾ ഉത്തരവ് ഇറങ്ങിയപ്പോൾ മാത്രമാണ് ആളുകളറിയുന്നത്. റിപ്പബ്ലിക് ദിനം, സ്വാതന്ത്ര്യദിനം, കേരളപ്പിറവി തുടങ്ങിയ വിശേഷ ദിവസങ്ങളിലാണു ശിക്ഷാഇളവ് അനുവദിക്കുന്നത്. ശിക്ഷയുടെ കാലാവധിയുടെ അടിസ്ഥാനത്തിൽ ജീവപര്യന്തക്കാർക്ക് 15 ദിവസം മുതൽ ഒരുവർഷം വരെ ശിക്ഷാ ഇളവ് ലഭിക്കാം. ജീവപര്യന്തം അനുഭവിക്കുന്ന പല രാഷ്ട്രീയ കുറ്റവാളികൾക്കും ശിക്ഷാ കാലാവധി പൂർത്തിയാകും മുമ്പേ പുറത്തിറങ്ങാനുള്ള വഴിയാണു പിണറായി വിജയൻ സർക്കാർ ഇതിലൂടെ ഒരുക്കിയിരിക്കുന്നത്. ടി.പി. ചന്ദ്രശേഖരന്റെ ഉൾപ്പെടെ നിരവധി നിഷ്ഠൂര കൊലപാതകങ്ങളിൽ പ്രതികളായ പാർട്ടിക്കാരെ പുറത്തെത്തിക്കാനുള്ള സി.പി.എമ്മിന്റെ നീക്കം ഇതിനു പിന്നിലുണ്ടെന്ന ഗുരുതര ആരോപണം പ്രതിപക്ഷം ഉന്നയിച്ചുകഴിഞ്ഞു. ആളുകൾക്കിടയിലും ഇത്തരത്തിലൊരു ചർച്ചയ്ക്കുള്ള സാഹചര്യത്തിനു സർക്കാർ ഉത്തരവ് കാരണമായി മാറിയിരിക്കുന്നു.

രാഷ്ട്രീയ കൊലക്കേസുകളിൽ ജീവപര്യന്തം ശിക്ഷ വാങ്ങിയവരെ 14 വർഷം പൂർത്തിയാവും മുമ്പ് ഇളവ് നൽകി വിട്ടയയ്ക്കരുതെന്നായിരുന്നു ഇതുവരെ ആഭ്യന്തരവകുപ്പിന്റെ ഉത്തരവിൽ ഉണ്ടായിരുന്നത്. കൊലപാതകം, വധഗൂഢാലോചന, വധശ്രമം തുടങ്ങി സമൂഹത്തിൽ ഞെട്ടലും അശാന്തിയും പടർത്തിയ കുറ്റവാളികൾക്കുവേണ്ടി ഇപ്പോൾ ഇത്തരത്തിലൊരു ഇളവിനു സർക്കാരിനെ പ്രേരിപ്പിച്ചത് എന്താകും? ഈയൊരു ചിന്തയാണു സർക്കാരിന്റെ ഉദ്ദേശ്യശുദ്ധിയെ സംശയത്തോടെ വീക്ഷിക്കാൻ ആളുകളെ പ്രേരിപ്പിക്കുന്നത്. കുട്ടികളെയും സ്ത്രീകളെയും ലൈംഗികമായി ഉപദ്രവിച്ചവർ, കൊലപ്പെടുത്തിയവർ, ലഹരിമരുന്ന് പ്രതികൾ, വർഗീയ കൊല നടത്തിയവർ, കള്ളക്കടത്തിനിടെ കൊല നടത്തിയവർ, ഡ്യൂട്ടിക്കിടെ സർക്കാർ ജീവനക്കാരെ കൊലപ്പെടുത്തിയവർ തുടങ്ങി ശിക്ഷാ ഇളവ് നൽകരുതെന്നു കോടതി നിർദേശിച്ചവരുടെ പട്ടികയിൽ നിന്നാണു രാഷ്ട്രീയ കുറ്റവാളികൾ പുറത്തുവന്നിരിക്കുന്നത്.

ടി.പി. ചന്ദ്രശേഖരനെ വധിച്ച കേസിൽ കൊടി സുനി, റഫീഖ് കിർമാണി മനോജ്, ട്രൗസർ മനോജൻ, അണ്ണൻ സജിത് തുടങ്ങി 10 പേർ ജീവപര്യന്തം ശിക്ഷ നേരിടുന്നവരാണ്. ഇവരുടെ ശിക്ഷാ കാലാവധി ജനുവരിയോടെ 9 വർഷം കഴിയും. ഇതിനകം നിരവധി തവണ ഇവർക്ക് പരോൾ ലഭിച്ചിരുന്നു. ദീർഘകാലത്തേക്ക് അനുവദിക്കപ്പെട്ട പരോളുകൾ ഏറെ വിമർശിക്കപ്പെട്ടിരുന്നു. 2016 മുതൽ 2021 വരെയുള്ള നിയമസഭാ കണക്കനുസരിച്ച് 1861 രാഷ്ട്രീയ കൊലപാതക കേസുകളിലായി ഒട്ടേറെ പ്രതികൾ സംസ്ഥാനത്തെ വിവിധ ജയിലുകളിലായുണ്ട്. പ്രതികളെല്ലാം സർക്കാരിന്റെ ഭാഗമായുള്ള പാർട്ടി അംഗങ്ങളോ അനുഭാവികളോ ആണെന്ന് ആരോപിക്കുകയല്ല. തങ്ങളുടെ പാർട്ടി അനുകൂലികളും ജയിലിലുണ്ടെന്നിരിക്കെ പ്രതിപക്ഷം സർക്കാർ ഉത്തരവിനെതിരേ നടത്തുന്ന വിമർശനം ഏതായാലും ശ്രദ്ധേയമാണ്. കൊലയാളി സംഘങ്ങളെ മോചിപ്പിക്കാനുള്ള ഗൂഢലക്ഷ്യം സർക്കാരിനുണ്ടെന്ന ആക്ഷേപം ശക്തമായിരിക്കുന്ന പശ്ചാത്തലത്തിൽ ഉത്തരവ് പിൻവലിക്കാൻ തയാറാകുന്നത് തീർച്ചയായും അഭിനന്ദനീയമാകും.

ഓരോ രാഷ്ട്രീയ കൊലപാതകങ്ങളും ഏറ്റുമുട്ടലുകളും ആളുകളുടെ സ്വൈരജീവിതം ഇല്ലാതാക്കുന്നത് എത്രയാണെന്ന് എല്ലാവർക്കും അറിയാം. കൊലയ്ക്കുശേഷമുള്ള സംഘർഷവും ഹർത്താലുകളും മറ്റുമായി സംസ്ഥാനത്തിന്റെ പ്രതിച്ഛായയ്ക്ക് മങ്ങലേറ്റിട്ടുള്ള നിരവധി സംഭവങ്ങൾ. ഒപ്പം അനാഥമാകുന്ന കുടുംബങ്ങളുടെ കണ്ണുനീര് എന്നും നാടിന്റെ നീറ്റലാണ്. ഇത്തരക്കാർക്ക് ഇളവ് നൽകി എന്തിനാണ് അധികാരവർഗം കൊലപാതകികൾക്ക് പ്രോത്സാഹനം നൽകുന്നത്? വീണ്ടും നാടിന്റെ നന്മയേക്കാൾ സർക്കാരിനു താൽപ്പര്യം ഇഷ്ടക്കാരെ ചേർത്തുപിടിക്കലാണെന്നു നിരാശയോടെ ആരോപിക്കേണ്ടിവന്നിരിക്കുന്നു.

# തമിഴ്നാട്ടിൽ പൊതു-സ്വകാര്യ മേഖലകളിൽ ഭിന്നശേഷിക്കാർക്ക് വർക്ക് ഫ്രംഹോം ഏർപ്പെടുത്തിയേക്കും

**ചെന്നൈ:** തമിഴ്നാട്ടിൽ പൊതു-സ്വകാര്യ മേഖലകളിൽ ജോലിചെയ്യുന്ന ഭിന്നശേഷിക്കാർക്ക് ഇനി വീട്ടിലിരുന്ന് ജോലിചെയ്യാൻ (വർക്ക് ഫ്രം ഹോം) അവസരം നൽകിയേക്കും. ഇതിനുള്ള മുന്നൊരുക്കങ്ങൾ തുടങ്ങിയതായി മുഖ്യമന്ത്രി എം.കെ സ്റ്റാലിൻ പ്രഖ്യാപിച്ചു. അന്താരാഷ്ട്ര ഭിന്നശേഷി ദിനാചരണത്തോട് അനുബന്ധിച്ച് ശനിയാഴ്ച സംഘടിപ്പിച്ച ചടങ്ങിലാണ് മുഖ്യമന്ത്രി പ്രഖ്യാപനം നടത്തിയത്.


തമിഴ്നാട് സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഭിന്നശേഷിക്കാർക്ക് പരിശീലനവും സൗജന്യ ലാപ്ടോപ്പും നൽകുമെന്നും മുഖ്യമന്ത്രി പ്രഖ്യാപിച്ചു. ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ കണ്ടെത്താൻ സർക്കാർ - സ്വകാര്യ മേഖലകളിൽ ഉന്നതതല സമിതികളെ നിയോഗിച്ചിട്ടുണ്ട്. ഈ സമിതിയുടെ ശുപാർശ അനുസരിച്ചാവും ഭിന്നശേഷിക്കാർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുക. തൊഴിലിടങ്ങളിൽ മറ്റുള്ളവരെ ആശ്രയിക്കാതെ ജോലി ചെയ്യാൻ കഴിയുന്ന തരത്തിലാവും ഭിന്നശേഷിക്കാരെ നിയോഗിക്കുക.

ഭിന്നശേഷിക്കാർക്ക് നൽകിവരുന്ന 1000 രൂപവീതമുള്ള പ്രതിമാസ പെൻഷൻ ജനുവരി ഒന്നുമുതൽ 1500 രൂപയായി വർധിപ്പിക്കുമെന്നും മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. 4,39,315 പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. സർക്കാരിന് ഇതിലൂടെ 263.58 കോടിയുടെ അധിക ബാധ്യതയാണ് ഉണ്ടാകുന്നതെന്നും മുഖ്യമന്ത്രി എം.കെ സ്റ്റാലിൻ വ്യക്തമാക്കി.

# ശമ്പളം ഒരുകോടിയിലധികം; ചെയ്യാൻ ജോലിയൊന്നുമില്ല, ഉദ്യോഗസ്ഥൻ കോടതിയിൽ

ഡബ്ലിൻ: പ്രതിവർഷം ഒരുകോടി അഞ്ചുലക്ഷത്തിലധികം ശമ്പളം വാങ്ങുന്ന ഐറിഷ് റെയിലിന്റെ ഫിനാൻസ് മാനേജറാണ് ഡെർമെത് ആലിസ്റ്റർ മിൽസ്. വളരെ വിചിത്രമായ കാരണമുന്നയിച്ച് മിൽസ് ഈ ഡിസംബർ ഒന്നിന് കോടതിയെ സമീപിച്ചു. തന്റെ ജോലിസമയത്തിന്റെ ഭൂരിഭാഗവും പത്രവായനയും നടത്തവുമൊക്കെയായി തീരുകയാണ്, പ്രത്യേകിച്ചൊന്നും ചെയ്യാനില്ലെന്നതാണ് മിൽസിന്റെ പ്രശ്നം.

ഒമ്പത് വർഷങ്ങൾക്കു മുമ്പ് ഐറിഷ് റെയിലിനുള്ളിലെ ക്രമക്കേടുകൾ വെളിപ്പെടുത്തിയതുമൂലം സംരക്ഷിത വെളിപ്പെടുത്തൽ ചട്ടത്തിൻറെ കീഴിൽ തന്നെ ശിക്ഷിച്ചിരുന്നുവെന്നും ഇതുമൂലമാണ് തനിക്ക് ജോലിയൊന്നും നൽകാത്തതെന്നുമാണ് മിൽസ് പറയുന്നത്. ഓഫീസിലെ യാതൊരു വിധത്തിലുള്ള ഉത്തരവാദിത്വങ്ങളും തന്നെ ഏൽപ്പിക്കുന്നില്ലെന്നും തനിക്ക് ജോലിസ്ഥലത്ത് വല്ലാതെ ഒറ്റപ്പെടൽ തോന്നുന്നുണ്ടെന്നും മിൽസിന്റെ പരാതിയിൽ പറയുന്നു.



# ഫോൺ ലൊക്കേഷൻ, ഫേസ് റെക്കഗ്നിഷൻ, ക്യാമറ; പ്രതിഷേധക്കാരെ മുഴുവൻ പൂട്ടാൻ ചൈനയുടെ നീക്കം

ബെയ്ജിങ്: ചൈനയിൽ പ്രസിഡന്റ് ഷി ജിൻപിങ്ങിന്റെ സീറോ കോവിഡ് നയത്തിനെതിരെ അലയടിച്ച പ്രതിഷേധങ്ങളിൽ പങ്കെടുത്തവരെ തിരിച്ചറിയുന്നതിനും കസ്റ്റഡിലെടുക്കുന്നതിനുമുള്ള നടപടികളുമായി ഭരണകൂടം. ചൈനീസ് തലസ്ഥാന നഗരത്തിലും മറ്റുനഗരങ്ങളിലും ദൈനംദിന പ്രവർത്തനങ്ങൾ സാധാരണനിലയിലേക്ക് നീങ്ങുകയും കോവിഡ് പരിശോധനയിൽ അയവുവരുത്തുകയും ചെയ്തതിന് പിന്നാലെയാണിത്. കഴിഞ്ഞ വാരാന്ത്യത്തിൽ രാജ്യത്തുടനീളം നടന്ന പ്രതിഷേധറാലികളെ കുറഞ്ഞ സമയത്തിനുള്ളിലാണ് ഭരണകൂടം അടിച്ചമർത്തിയത്. ജനങ്ങൾ കൂട്ടംകൂടിയ ഇടങ്ങളിലും സംഘം ചേരാനിടയുള്ള സ്ഥലങ്ങളിലും വൻ പോലീസ്സന്നാഹത്തെയാണ് ഭരണകൂടം വിന്യസിച്ചത്.

ഷിയുടെ കോവിഡ് നയത്തിനെതിരെയുള്ള പ്രതിഷേധപരിപാടികളിൽ പങ്കെടുത്തവരെ നേരിട്ട് കണ്ടെത്തിയോ, ഫോൺ ലൊക്കേഷനിലൂടെയോ രഹസ്യവിവരം നൽകുന്നവരിലൂടെയോ തിരിച്ചറിയാനുള്ള നടപടികൾ പോലീസ് ആരംഭിച്ചതായി ന്യൂയോർക്ക് ടൈംസ് റിപ്പോർട്ട് ചെയ്തു. കഴിഞ്ഞ ഞായറാഴ്ച നടന്ന പ്രതിഷേധത്തിൽ പങ്കെടുത്ത ഴാങ് എന്നയാളെ പിറ്റേദിവസം തന്നെ പോലീസ് കണ്ടെത്തിയിരുന്നു. തലയും മുഖത്തിന്റെ ഭൂരിഭാഗവും മറയുന്ന തരത്തിലുള്ള വസ്ത്രം ധരിച്ചാണ് ഴാങ് പ്രതിഷേധത്തിൽ പങ്കെടുത്തത്. ഴാങ്ങിന്റെ ഫോണിന്റെ ലൊക്കേഷൻ പരിഷേധിച്ചാണ് പോലീസ് ഇയാളെ തിരിച്ചറിഞ്ഞത്. ഇത് ഴാങ്ങിന്റെ മാത്രം കാര്യമല്ല. പ്രതിഷേധങ്ങളിൽ പങ്കെടുത്ത നിരവധിപ്പേർക്ക് വിവരം തിരക്കി പോലീസിൽ നിന്ന് കോളുകൾ വന്നുകഴിഞ്ഞു.

സ്വന്തം പൗരന്മാരെ നിരീക്ഷിക്കാനുള്ള ലോകത്തിലെ ഏറ്റവും സങ്കീർണമായ സംവിധാനങ്ങളുള്ള രാജ്യമാണ് ചൈന. എല്ലാ മൊബൈൽഫോൺ ഉപയോക്താക്കളും തങ്ങളുടെ യഥാർഥനാമവും ദേശീയ തീരിച്ചറിയൽ നമ്പറും ടെലികോം കമ്പനികളിൽ രജിസ്റ്റർ ചെയ്യണമെന്ന് നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്. തെരുവുകളുടെ മുക്കിലും മൂലയിലും കെട്ടിടങ്ങളുടെ കവാടങ്ങളിലുമായി ലക്ഷക്കണക്കിന് ക്യാമറകളാണ് ഭരണകൂടം സ്ഥാപിച്ചിരിക്കുന്നത്. ഫേഷ്യൽ റെക്കഗ്നിഷൻ സോഫ്റ്റ് വെയർ പോലെയുള്ള സംവിധാനങ്ങളുമുണ്ട്.

പോലീസ് തേടിയെത്തിയവരിൽ പലരും തങ്ങളെ തിരിച്ചറിഞ്ഞതിൽ അമ്പരന്നപ്പോൾ മറ്റ് ചിലർ ഭരണകൂടത്തിന്റെ ഭാഗത്ത് നിന്നുണ്ടായേക്കാവുന്ന നടപടികളിൽ ഭയന്ന്, പ്രതിഷേധങ്ങൾ ഏകോപിപ്പിക്കുന്നതിനും പ്രതിഷേധങ്ങളുടെ വിവരങ്ങൾ പുറംലോകത്തെ അറിയിക്കുന്നതിനും ഉപയോഗിച്ച ടെലിഗ്രാം പോലുള്ള ആപ്പുകൾ ഡിലീറ്റ് ചെയ്യുകയും ചെയ്തു. പ്രതിഷേധക്കാരുടെ ഫോണുകൾ പോലീസ് പിടിച്ചെടുത്തതായി സിഎൻഎന്നിന്റെ റിപ്പോർട്ടിൽ പറയുന്നു. വിമതരേയും മറ്റ് രാജ്യങ്ങളിൽ നിന്നുള്ള തൊഴിലാളികളേയും ന്യൂനപക്ഷ വിഭാഗക്കാരേയും നിരീക്ഷിക്കാനാണ് ഭരണകൂടം സംവിധാനങ്ങൾ സ്ഥാപിച്ചിരിക്കുന്നതെങ്കിലും ഇതാദ്യമായാണ് വൻതോതിൽ പ്രതിഷേധക്കാരെ കണ്ടെത്താൻ ഉപയോഗിക്കുന്നത്.

നിരീക്ഷണസംവിധാനങ്ങൾ വഴി ലഭ്യമായ വിവരങ്ങൾ അടിസ്ഥാനമാക്കി പ്രതിഷേധത്തിൽ പങ്കെടുത്തവരുടെ വീടുകൾ പോലീസ് തേടിയെത്തുന്നതായും റിപ്പോർട്ടുകളുണ്ട്. ഓൺലൈൻ സെൻസർഷിപ്പ് മറികടക്കുന്നത് തടയാൻ വിപിഎന്നുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ അടിച്ചമർത്തുന്ന അടിയന്ത നടപടികൾ സ്വീകരിച്ച ചരിത്രവും ചൈനീസ് ഭരണകൂടത്തിനുണ്ട്. തങ്ങളുടെ നിയന്ത്രണത്തിന് വെല്ലുവിളിയാകുന്ന യാതൊരുവിധ മുന്നേറ്റവും ചൈനീസ് ഭരണകൂടം അനുവദിക്കാറില്ല. അതിനായി അറസ്റ്റ്, നിരീക്ഷണം, സെൻസർഷിപ്പ് എന്നീ നടപടികൾ കർശനമായിത്തന്നെ ചൈന കാലങ്ങളായി



# വായുമലിനീകരണം വീണ്ടും രൂക്ഷം; നിർമാണ പ്രവർത്തനങ്ങൾക്ക് വിലക്ക്

**ന്യൂഡൽഹി:** തലസ്ഥാനത്ത് വായു മലിനീകരണം ഞായറാഴ്ച രൂക്ഷമായ സാഹചര്യത്തിൽ അടിയന്തരമല്ലാത്ത നിർമാണ പ്രവർത്തനങ്ങൾക്ക് വായു ഗുണനിലവാര സമിതി വിലക്കേർപ്പെടുത്തി. ഗ്രേഡഡ് റെസ്പോൺസ് ആക്ഷൻ പ്ലാനിന്റെ (ജി.ആർ.എ.പി.) മൂന്നാംഘട്ടത്തിന് കീഴിലെ നിയന്ത്രണങ്ങൾ പ്രകാരമാണ് നിരോധനം.

ജി.ആർ.എ.പി. നടപ്പാക്കുന്നതിനുള്ള ഉപസമിതി ഇതുസംബന്ധിച്ച് ബന്ധപ്പെട്ട അധികാരികൾക്ക് നിർദേശം നൽകി. ഞായറാഴ്ച വൈകീട്ട് നാലോടെയാണ് 24 മണിക്കൂർ നേരത്തെ ശരാശരി വായു ഗുണനിലവാരസൂചിക എ.ക്യു.ഐ ഗുരുതരം വിഭാഗത്തിലെത്തിയത്-

ഇതു വഷളാകാതിരിക്കാനാണ് നിയന്ത്രണം ഏർപ്പെടുത്തിയത്. നവംബർ നാലിനാണ് വായു ഗുണനിലവാരം ഗുരുതര വിഭാഗത്തിലേക്ക് കടന്നത്. അന്നും ജി.ആർ.എ.പി. മൂന്നാംഘട്ടത്തിന് കീഴിലെ നിയന്ത്രണം ഏർപ്പെടുത്തി.



# ബഹ്റൈനിലെത്തുന്ന ആദ്യ ഇസ്രായേൽ പ്രസിഡന്റായി ഐസക് ഹെർസോഗ്; ചരിത്ര സന്ദർശനത്തിന് തുടക്കമായി

മനാമ: ഇസ്രായേൽ പ്രസിഡന്റ് ഐസക് ഹെർസോഗിന്റെ ബഹ്റൈൻ സന്ദർശനത്തിന് തുടക്കമായി. ചരിത്രത്തിലാദ്യമായാണ് ഒരു ഇസ്രായേൽ രാഷ്ട്രത്തലവൻ ബഹ്റൈൻ ഔദ്യോഗികമായി സന്ദർശിക്കുന്നത്.

ഇസ്രേയേലി പ്രധാനമന്ത്രി നഫ്കാലി ബെന്നറ്റിന്റെ മനാമ സന്ദർശനത്തിന് പിന്നാലെയാണ് ബഹ്റൈൻ ഭരണാധികാരി ഹമദ് ബിൻ ഈസ അൽ ഖലീഫയുടെ ക്ഷണം സ്വീകരിച്ച് ഇസ്രേയേലി പ്രസിഡന്റും ബഹ്റൈനിലെത്തിയത്.

ബഹ്റൈൻ അന്താരാഷ്ട്ര വിമാനത്താവളത്തിലെത്തിയ ഇസ്രായേലി രാഷ്ട്രത്തലവനെ ബഹ്റൈൻ വിദേശകാര്യ മന്ത്രി ഡോ. അബ്ദുൽലത്തീഫ് അൽ സയാദിയും മുഹറഖ് ഗവർണർ സൽമാൻ ബിൻ ഹിൻദി, ഇസ്രയേലിലെ ബഹ്റൈൻ അംബാസഡർ ഖാലിദ് അൽ ജലഹ്മ, ബഹ്റൈനിലെ ഇസ്രയേൽ അംബാസഡർ എയ്താൻ നാഥ് തുടങ്ങിയവരും നേരിട്ടെത്തി സ്വീകരിച്ചു. ഇരു രാഷ്ട്രങ്ങളും തമ്മിലുള്ള ബന്ധം ഊഷ്മളമാക്കുന്നതിനായി ബഹ്റൈൻ രാജാവ് ഹമദ് ബിൻ ഈസ അൽ ഖലീഫയുമായി ഇസ്രായേലി പ്രസിഡന്റ് കൂടിക്കാഴ്ച നടത്തി. ബഹ്റൈൻ സന്ദർശനത്തിന് പിന്നാലെ ഐസക് ഹെർഗോസ് യുഎഇയും സന്ദർശിക്കുന്നുണ്ട്.



# ജയിൽ മാറ്റണമെന്ന ആവശ്യം; അമീറുൾ ഇസ്ലാമിന്റെ ഹർജിയിൽ കേരളത്തിനും അസമിനും നോട്ടീസ്

**ന്യൂഡൽഹി:** പെരുമ്പാവൂരിലെ നിയമവിദ്യാർഥിനിയെ പീഡിപ്പിച്ച് കൊലപ്പെടുത്തിയ കേസിൽ ശിക്ഷിക്കപ്പെട്ട അമീറുൾ ഇസ് ലാം വിയ്യൂർ സെൻട്രൽ ജയിലിൽ നിന്ന് അസമിലെ ജയിലിലേക്ക് മാറ്റണമെന്നാവശ്യപ്പെട്ട് നൽകിയ ഹർജിയിൽ സുപ്രീം കോടതി നോട്ടീസ് അയച്ചു. കേരളത്തിനും, അസമിനും ആണ് സുപ്രീം കോടതി നോട്ടീസ് അയച്ചത്. നാല് ആഴ്ചയ്ക്കുള്ളിൽ മറുപടി നൽകാൻ ഇരു സംസ്ഥാനങ്ങളോടും സുപ്രീം കോടതി നിർദേശിച്ചു. അമീറുൾ ഇസ്ലാമിനെ നിലവിലെ ജയിൽചട്ട പ്രകാരം അസമിലേക്ക് മാറ്റാൻ ആകില്ലെന്ന് സുപ്രീം കോടതി നേരത്തെ നിരീക്ഷിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2014-ലെ ജയിൽ ചട്ടങ്ങൾ കൂടി ചോദ്യം ചെയ്തുള്ള രേഖകൾ അമീറുൾ ഇസ്ലാം സുപ്രീം കോടതിയിൽ കൈമാറിയിരുന്നു. ഇത് കൂടി പരിഗണിച്ചാണ് ജസ്റ്റിസ് ദിനേശ് മഹേശ്വരി അധ്യക്ഷനായ ബെഞ്ച് രണ്ട് സംസ്ഥാനങ്ങൾക്കും നോട്ടീസ് അയച്ചത്. 2014-ലെ ജയിൽചട്ടത്തിലെ 587-ആം വകുപ്പ് പ്രകാരം വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടവർക്ക് ജയിൽമാറ്റം അനുവദിക്കാൻ ആകില്ലെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. വധശിക്ഷയ്ക്ക് എതിരായ അപ്പീൽ കോടതിയുടെ പരിഗണനയിൽ ആണെങ്കിൽ അവരേയും മറ്റൊരു ജയിലിലേക്ക് മാറ്റാൻ കഴിയില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ അടിസ്ഥാന മനുഷ്യാവകാശ പ്രശ്നമാണിതെന്നും അമീറുൾ ഇസ്ലാമിന് വേണ്ടി ഹാജരായ അഭിഭാഷകർ സുപ്രീം കോടതിയിൽ ചൂണ്ടിക്കാട്ടി. അഭിഭാഷകരായ കെ. പരമേശ്വർ, ശ്രീറാം പറക്കാട്, സതീഷ് മോഹനൻ എന്നിവരാണ് അമീറുൾ ഇസ്ലാമിന് വേണ്ടി സുപ്രീം കോടതിയിൽ ഹാജരായത്.



# ഡൊമിനിക് ലാപിയർ അന്തരിച്ചു

പാരീസ്: ലോകപ്രശസ്ത ഫ്രഞ്ച് എഴുത്തുകാരൻ ഡൊമിനിക് ലാപിയർ(91) അന്തരിച്ചു. വാർധക്യസഹജമായ അസുഖങ്ങളെത്തുടർന്നായിരുന്നു മരണം. ഇന്ത്യയെക്കുറിച്ചെഴുതാൻ പ്രത്യേക അഭിനിവേശം പ്രകടിപ്പിച്ച എഴുത്തുകാരനായിരുന്നു അദ്ദേഹം. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെ അവലംബിച്ച് ലാറി കോളിൻസുമായി ചേർന്ന് ലാപിയർ രചിച്ച 'സ്വാതന്ത്ര്യം അർധരാത്രിയിൽ', കൊൽക്കത്തയിലെ ജീവിതത്തെക്കുറിച്ച് പറയുന്ന 'സിറ്റി ഓഫ് ജോയ്' എന്നീ പുസ്തകങ്ങൾ വലിയ പ്രശസ്തി നേടി. 'ഈസ് പാരീസ് ബേണിങ്', 'ഒ ജെറുസലേം', 'ഓർ ഐ വിൽ ഡ്രെസ് യൂ ഇൻ മോണിങ്' 'അഞ്ചാം കുതിരക്കാരൻ' തുടങ്ങി അമേരിക്കൻ എഴുത്തുകാരൻ ലാരി കോളിൻസിനൊപ്പം ഡൊമിനിക് ലാപിയർ എഴുതിയ പുസ്തകങ്ങൾ വലിയതോതിൽ വായനക്കാരെ സ്വാധീനിച്ചു. ഇവയിൽ മിക്കതും ബെസ്റ്റ് സെല്ലറുകളായിരുന്നു. 2008ൽ രാജ്യം പത്മഭൂഷൺ നൽകി ഡൊമിനിക് ലാപിയറെ ആദരിച്ചിരുന്നു.




# കരുവന്നൂർ ബാങ്ക് തട്ടിപ്പ്; അഞ്ച് പ്രതികളുടെ സ്വത്തുക്കൾ കണ്ടുകെട്ടണമെന്ന് തൃശൂർ വിജിലൻസ് കോടതി

**തൃശൂർ:** കരുവന്നൂർ ബാങ്ക് തട്ടിപ്പ് കേസിൽ അഞ്ച് പ്രതികളുടെ സ്വത്ത് കണ്ടുകെട്ടാൻ തൃശൂർ വിജിലൻസ് കോടതി ഉത്തരവിട്ടു. പ്രധാന പ്രതികളായ ബിജു കരീം, ജിൽസ്, ബിജോയ് എന്നിവരുൾപ്പടെയുള്ള പ്രതികളുടെ 52 സർവേ നമ്പരുകളിലുള്ള ഭൂമിയാണ് കണ്ടുകെട്ടുക. അതിനിടെ, കളക്ഷൻ ഏജന്റ് ബിജോയിയുടെ 30 കോടിയുടെ സ്വത്ത് ഇഡിയും കണ്ടുകെട്ടി. കരുവന്നൂർ ബാങ്ക് തട്ടിപ്പിൽ ഇഡിയുടെയും ക്രൈം ബ്രാഞ്ചിന്റെയും സുപ്രധാന നീക്കം. പ്രധാന പ്രതികളുടെ സ്വത്തുക്കളാണ് കണ്ടുകെട്ടിയത്. ക്രൈംബ്രാഞ്ച് അന്വേഷണ സംഘം നൽകിയ അപേക്ഷയിലാണ് മുഖ്യപ്രതികളുടെ 58 ആർ സി നമ്പരുകളിലുള്ള ഭൂമി കണ്ടുകെട്ടാൻ തൃശൂർ വിജിലൻസ് കോടതി ഉത്തരവിട്ടത്. ബാങ്കിൽ തട്ടിപ്പ് നടന്ന 2011 മുതൽ 2021 വരെയുള്ള കാലത്ത് സമ്പാദിച്ച സ്വത്തുക്കളാണ് കണ്ടുകെട്ടുക. അതിൽ ബിജോയി പീരുമേട്ടിൽ ഹോട്ടലിനായി വാങ്ങിയ ഒമ്പതേക്കറും ഉൾപെടും. ബിജു കരീം, ജിൽസ്, ബിജോയ് എന്നിവർ തൃശൂർ, ഇരിങ്ങാലക്കുട, ചാലക്കുടി, മതിലകം, അന്തിക്കാട്, കല്ലേറ്റിൻകര എന്നിവിടങ്ങളിൽ വാങ്ങിയ വസ്തുവകകളും കണ്ടുകെട്ടിയവയിലുണ്ട്. പ്രതികൾ 117 കോടിയുടെ വ്യാജ വായ്പ തരപ്പെടുത്തിയെന്ന് ക്രൈംബ്രാഞ്ച് കോടതിയെ അറിയിച്ചു. അതിൽ 85 കോടിയും ബിജു, ജിൽസ്, ബിജോയ് എന്നിവരുടെ നേതൃത്വത്തിൽ നൽകിയ വായ്പകളാണ്. ഒന്നാം പ്രതി സുനിൽ കുമാറിന്റെ പേരിൽ പരാതിക്കാലത്ത് സ്വത്ത് സമ്പാദനം നടന്നിട്ടില്ലാത്തതിനാൽ കണ്ടുകെട്ടൽ നടപടിയിൽ ഉൾപ്പെടുത്തിയില്ല. അതിനിടെ ഇഡിയും കണ്ടുകെട്ടൽ നടപടികളിലേക്ക് കടന്നു. 30.70 കോടിയുടെ സ്വത്താണ് ഇ.ഡി. കണ്ടുകെട്ടിയത്. ബിജോയിയുടെ നേതൃത്വത്തിൽ 26.60 കോടി രൂപ വായ്പ നൽകിയെന്ന് ഇ ഡി കണ്ടെത്തി. കരുവന്നൂർ കേസിൽ രണ്ട് തവണയാണ് ഇഡി പ്രതികളുടെ വീട്ടിലും ബാങ്കിലും പരിശോധന നടത്തിയത്. തുടർന്നാണ് സ്വത്ത് കണ്ടുകെട്ടാനുള്ള നടപടി. സി പി എം നിയന്ത്രണത്തിലുള്ള കരുവന്നൂർ ബാങ്കിൽ 300 കോടിയിലേറെ തട്ടിപ്പ് നടന്നെന്നാണ് ഉയർന്ന ആരോപണം



# സിനിമാ നിർമാതാവ് ജെയ്സൺ എളംകുളം ഫ്ളാറ്റിൽ മരിച്ച നിലയിൽ

**കൊച്ചി:** പ്രമുഖ സിനിമാനിർമാതാവ് ജെയ് സൺ എളംകുളം അന്തരിച്ചു. കൊച്ചി പനമ്പിള്ളി നഗറിലെ ഫ്ളാറ്റിൽ മരിച്ചനിലയിൽ കണ്ടെത്തുകയായിരുന്നു. രണ്ടുദിവസമായി ഇദ്ദേഹത്തെ കുറിച്ച് വിവരങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. തുടർന്ന്, ജെയ്സന്റെ വിദേശത്തുള്ള കുടുംബാംഗങ്ങൾ ആവശ്യപ്പെട്ടത് അനുസരിച്ച് ഫ്ളാറ്റ് സെക്രട്ടറി മറ്റൊരു താക്കോൽ ഉപയോഗിച്ച് ഫ്ളാറ്റ് തുറന്നപ്പോഴാണ് അകത്തെ മുറിയിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. ഹൃദയാഘാതമാകാം മരണകാരണമെന്നാണ് പ്രാഥമിക നിഗമനം. മൃതദേഹം തുടർ നടപടികൾക്കായി ജനറൽ ആശുപത്രിയിലേക്ക് മാറ്റി. ശൃംഗാരവേലൻ, ഓർമ്മയുണ്ടോ ഈ മുഖം, ജമ് നാപ്യാരി, ലവകുശ തുടങ്ങിയ സിനിമകളുടെ നിർമാതാവ് ജെയ് സൺ ആയിരുന്നു.

# 'ടൈം' പ്രധാനമാണ് ഓർമ്മിപ്പിച്ച് ചെയർ; നിയമസഭയിൽ ചിരി പടർത്തി സ്പീക്കറും മുൻ സ്പീക്കറും



**തിരുവനന്തപുരം:** മുൻ സ്പീക്കറും മന്ത്രിയുമായ എം.ബി. രാജേഷും നിലവിലെ സ്പീക്കറായ എ.എൻ. ഷംസീറും ചേർന്ന് നിയമസഭയിൽ ചിരി പടർത്തി. എം.ബി. രാജേഷിന്റെ പ്രസംഗം അവസാനിപ്പിക്കാൻ എ.എൻ. ഷംസീർ ആവശ്യപ്പെട്ടതോടെയാണ് സഭയിൽ ചിരിയുയർന്നത്. മുൻപ് രാജേഷ് സ്പീക്കറായിരുന്നപ്പോൾ ഷംസീറിനോട് പ്രസംഗം നീളുന്നിതിനെക്കുറിച്ച് നിരന്തരം ഓർമപ്പെടുത്തിയിരുന്നു. ഇന്ന് ഷംസീർ തിരിച്ചു പറഞ്ഞതോടെയാണ് സഭ അതിനെ തമാശ രൂപേണ എടുത്തത്. പിൻവാതിൽ നിയമനവുമായി ബന്ധപ്പെട്ട് പി.സി. വിഷ്ണുനാഥ് എം.എൽ.എ. അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയതിനു പിന്നാലെ മറുപടി പറയുകയായിരുന്നു എം.ബി. രാജേഷ്. അനധികൃത നിമയനം നടക്കുന്നുവെന്നത് സംഘടിതമായ വ്യാജപ്രചാരണമാണെന്ന് എം.ബി. രാജേഷ് സമർഥിക്കുന്നതിനിടെ സമയം അതിക്രമിച്ചെന്നറിയിച്ച് ഷംസീർ ഇടപെട്ടു. ഇതോടെ മറുപടി പറയുന്നത് വളരെ പ്രധാനപ്പെട്ടൊരു നോട്ടീസിനാണെന്നു പറഞ്ഞ് രാജേഷ് തുടർന്നു. പിന്നാലെ മന്ത്രി പി. രാജീവ് ഉൾപ്പെടെയുള്ളവർ സഭയിൽ കൂട്ടച്ചിരി ഉയർത്തി. ഇതോടെ രാജേഷിനും ഷംസീറിനും ചിരിയടക്കാനായില്ല. പിന്നീട് 'സാധാരണ ഒരു ടൈമുണ്ട്, അതാണ്' എന്ന് ഷംസീർ ചിരിച്ച് മറുപടി നൽകുകയായിരുന്നു. എൽ.ഡി.എഫ്. സർക്കാർ ഉദ്യോഗാർഥികളോട് അനീതി കാട്ടിയെന്ന് വരുത്തിത്തീർക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നതെന്ന് നോട്ടീസിന് എം.ബി. രാജേഷ് മറുപടി നൽകി. ഒന്നാം പിണറായി സർക്കാരിന്റെ കാലം മുതൽ ഇത് നടക്കുന്നുണ്ടെന്നും മന്ത്രി നിയമസഭയിൽ പറഞ്ഞു.

## ഇന്നത്തെ ശബരിമല വിശേഷങ്ങൾ (06/12 /2022)



പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ
3 ന്.... തിരുനട തുറക്കൽ.. നിർമ്മാല്യം
3.05 ന് ....അഭിഷേകം
3.30 ന് ...ഗണപതി ഹോമം
3.30 മുതൽ 7 മണി വരെയും 8 മണി മുതൽ
11 മണി വരെയും നെയ്യഭിഷേകം
7.30 ന് ഉഷപൂജ
11.30. ന് ..25 കലശാഭിഷേകം
12 മണിക്ക് കളഭാഭിഷേകം
12.30ന് ......ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കൽ
വൈകുന്നേരം 4 മണിക്ക് ക്ഷേത്രനട തുറക്കും
6.30ന്... ദീപാരാധന
7 മുതൽ പുഷ്പാഭിഷേകം
9.30 മണിക്ക് ...അത്താഴപൂജ
10.50ന് ഹരിവരാസനം സങ്കീർത്തനം
പാടി 11 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.



# പിഎൻബി തിരിമറി:' ഇനി 10.8കോടി രൂപ കിട്ടാനുണ്ട്, ദിവസവും സ്റ്റേററ്മെൻറ് എടുത്ത് മോണിറ്റർ ചെയ്യും'

**കോഴിക്കോട്:** പഞ്ചാബ് നാഷണൽ ബാങ്കിലെ അക്കൗണ്ട് തിരിമറിയിൽ കോഴിക്കോട് കോർപറേഷന് ഇനി 10.8കോടി രൂപകിട്ടാനുണ്ടെന്ന് മേയർ ബിന ഫിലിപ്പ് അറിയിച്ചു.12.62ലക്ഷം പലിശ അടക്കമാണിത്.പണം തിരികെ തരുമെന്ന് ബാങ്ക് അധികൃതർ ഉറപ്പ് നൽകിയിട്ടുണ്ട്. ഓഡിറ്റ് വിഭാഗം പരിശോധന നടത്താറുണ്ട്.ക്രമക്കേട് കണ്ടെത്തുന്നതിന് തൊട്ടുമുമ്പുള്ള സ്റ്റേറ്റ് മെന്റ് പ്രകാരം കണക്കുകളിൽ പിഴവുണ്ടായിരുന്നില്ല.ഇനി ദിവസവും സ്റ്റേറ്റ് മെന്റ് എടുത്ത് മോണിറ്റർ ചെയ്യാൻ സംവിധാനം ഉണ്ടാക്കുമെന്നും മേയർ വ്യക്തമാക്കി.നാളെ പഞ്ചാബ് നാഷണൽ ബാങ്ക് ബ്രാഞ്ചുകളിൽ എൽ ഡി എഫ് നടത്താനിരുന്ന സമരത്തിൽ മാറ്റമില്ലെന്ന് ഡെപ്യൂട്ടി മേയർ മുസാഫിർ അഹമ്മദ് അറിയിച്ചു.പ്രതി കോടതിയിൽ ഉന്നയിക്കുന്ന വാദമാണ് യൂ ഡി എഫ് ഉയർത്തുന്നത്.എന്ത് കൊണ്ടാണ് ബാങ്കിൽ സമരം നടത്താൻ യൂ ഡി എഫ് തയ്യാറാകാത്തതെന്നും അദ്ദേഹം ചോദിച്ചു. പഞ്ചാബ് നാഷണൽ ബാങ്ക് തട്ടിപ്പിന് പിന്നിൽ കോർപറേഷൻ ഉദ്യോഗസ്ഥരടക്കമുള്ളവരുടെ ഗൂഡാലോചനയെന്ന് കേസിലെ പ്രതിയും ബാങ്ക് മാനേജറുമായ എം.പി റിജിൽ. താൻ സ്ഥലം മാറിയ ശേഷമാണ് ലിങ്ക് റോഡ് ശാഖയിൽ തട്ടിപ്പ് നടന്നതെന്നും കോഴിക്കോട് ജില്ലാ കോടതിയിൽ സമർപ്പിച്ച റിജിലിന്റെ മുൻകൂർ ജാമ്യാപേക്ഷയിൽ പറയുന്നു. മുൻകൂർ ജാമ്യാപേക്ഷയിൽ കോടതി വ്യാഴാഴ്ച വിധി പറയും. അതിനിടെ, ക്രൈംബ്രാഞ്ച് സംഘവും കോർപറേഷൻ ഉദ്യോഗസ്ഥരും ലിങ്ക് റോഡ് ശാഖയിലെത്തി രേഖകൾ പരിശോധിച്ചു. അന്വേഷണ ഉദ്യോഗസ്ഥൻ ടി ആൻറണിയുടെ നേതൃത്വത്തിലായിരുന്നു പരിശോധന. പിന്നാലെ കോർപറേഷൻ അക്കൗണ്ട്സ് ഓഫീസറുടെ നേതൃത്വത്തിലുള്ള സംഘവും ബാങ്കിലെത്തി. നഷ്ടപ്പെട്ടതായി കോർപറേഷൻ പറയുന്ന തുകയും ബാങ്ക് ഓഡിറ്റ് വിഭാഗം കണ്ടെത്തിയ തുകയും തമ്മിൽ പൊരുത്തക്കോട് തുടരുന്ന സാഹചര്യത്തിൽ ഇരുകൂട്ടരും സംയുക്ത പരിശോധനയും നടത്തി. ഉ. നഷ്ടപ്പെട്ട പണം കോർപറേഷൻ അക്കൗണ്ടിൽ ഇന്ന് തിരികെ നിക്ഷേപിച്ചില്ലെങ്കിൽ ഇന്ന് മുതൽ പഞ്ചാബ് നാഷണൽ ബാങ്കിന്റെ ഒരു ശാഖയും പ്രവർത്തികകാൻ അനുവദിക്കില്ലെന്നാണ് സിപിഎം പ്രഖ്യാപനം.

സെക്യൂരിറ്റി ജോലി ആവശ്യം ഉള്ളവരും.
സെക്യൂരിറ്റികളെ ആവശ്യം ഉള്ളവരും ബന്ധപെടുക

പരബ്രഹ്മ് സെക്യൂരിറ്റി സർവീസ്


ആലപ്പുഴ , ഹരിപ്പാട്, മാവേലിക്കര, കായംകുളം എന്നിവിടങ്ങളിൽ ഞങ്ങളുടെ സേവനം ലഭ്യമാണ്

ഹോം നഴ്സിംഗ് , ഹൗസ് കീപ്പിംഗ് , ക്ലീനിംഗ് ജോലിക്കാരെയും നൽകും

വിളിക്കുക

9995711426
9497152942

ഹോം നഴ്സിംഗ് , രോഗി പരിചരണം എന്നിവ ഉത്തരവാദിത്തത്തോട് കൂടി ചെയ്ത് കൊടുക്കുന്നു ഹോംനഴ്സ് ജോലിക്ക് ആളെ ആവശ്യം ഉള്ളവരും, ഹോംനഴ്സ് ജോലി ആവശ്യം ഉള്ളവരും. ബന്ധപെടുക.
Kayamkulam, Mavelikara, Harippad ഉള്ളവർക്കു മുൻഗണന.





# ഗുജറാത്തിലും ഹിമാചലിലും BJPക്ക് തുടർഭരണമെന്ന് എക്സിറ്റ്പോൾ ഫലങ്ങൾ

**ന്യൂഡൽഹി:** ഗുജറാത്ത്, ഹിമാചൽ പ്രദേശ് നിയമസഭാ തിരഞ്ഞെടുപ്പുകളിൽ ബി.ജെ.പി. തുടർഭരണം നേടുമെന്ന് എക്സിറ്റ് പോൾ ഫലങ്ങൾ. 182 അംഗ ഗുജറാത്ത് നിയമസഭയിൽ ഭരണം ലഭിക്കാൻ 92 മണ്ഡലങ്ങളിൽ വിജയിക്കണം.
ന്യൂസ് എക്സിന്റെ ഗുജറാത്തിലെ എക്സിറ്റ് പോൾ ഫലപ്രകാരം ബി.ജെ.പി. 117-140 സീറ്റുകളിൽ വിജയിക്കും. 34-51 സീറ്റുകളിൽ കോൺഗ്രസ്-എൻ.സി.പി. സഖ്യവും 6-13 സീറ്റുകളിൽ എ.എ.പിയും വിജയിക്കുമെന്ന് ന്യൂസ് എക്സ് എക്സിറ്റ് പോൾ സൂചിപ്പിക്കുന്നു.
അതേസമയം, റിപ്പബ്ലിക് ടി.വി.-പി. എം.എ.ആർ.ക്യു എക്സിറ്റ് പോൾ ഫലം ഇങ്ങനെ: ബി.ജെ.പി.- 128-148, കോൺഗ്രസ്-എൻ.സി.പി. സഖ്യം 30-42, എ.എ.പി.-2-10. ടിവി 9 ഗുജറാത്തിയുടെ എക്സിറ്റ് പോൾ ഫലം ഇങ്ങനെ: 125-130, കോൺഗ്രസ്-എൻ.സി.പി. സഖ്യം 40-50, എ.എ.പി. 3-5.
ഹിമാചൽ പ്രദേശ്
ന്യൂസ് എക്സ്-ജൻ കി ബാത് എക്സിറ്റ് പോൾ പ്രകാരം ഹിമാചൽ പ്രദേശിൽ ബി.ജെ.പി. 32-40, കോൺഗ്രസ് 27-34, എ.എ.പി.-0
റിപ്പബ്ലിക് ടി.വി.- പി.എം.ആർ.ക്യു എക്സിറ്റ് പോൾ: ബി.ജെ.പി. 34-39, കോൺഗ്രസ് 28-33, എ.എ.പി. 0-1.
ടൈംസ് നൗ-ഇ.ടി.ജി. എക്സിറ്റ് പോൾ: ബി.ജെ.പി. 34-42, കോൺഗ്രസ് 24-32, എ.എ.പി.-0.
68 അംഗ ഹിമാചൽ പ്രദേശ് നിയമസഭയിൽ 35-ആണ് ഭൂരിപക്ഷം.
(എക്സിറ്റ് പോൾ ഫലങ്ങൾ കൃത്യമായി കൊള്ളണമെന്നില്ല. വ്യത്യാസങ്ങളുണ്ടായേക്കാം)



# ജഡായുപാറ ടൂറിസം പദ്ധതിയിൽ കോടികളുടെ അഴിമതി; ആരോപണവുമായി നിക്ഷേപകരായ പ്രവാസികൾ

**കൊല്ലം :** കൊല്ലത്തെ ജഡായുപാറ ടൂറിസം പദ്ധതിയിൽ കോടികളുടെ അഴിമതിയാരോപിച്ച് നിക്ഷേപകരായ പ്രവാസികൾ വീണ്ടും രംഗത്ത്. അഴിമതിക്കേസിൽ കോടതി ഉത്തരവുകൾ നിലനിൽക്കെ പദ്ധതി ഡയറക്ടർ കൂടിയായ സംവിധായകൻ രാജീവ് അഞ്ചൽ ഗൾഫിലെത്തി പണം പിരിക്കുകയാണെന്ന് നിക്ഷേപകർ പത്രസമ്മേളനത്തിൽ ആരോപിച്ചു. ജഡായുപാറ ടൂറിസം ബി.ഒ.ടി. പദ്ധതിയുടെ മറവിൽ കോടികളുടെ വെട്ടിപ്പ് നടത്തി എന്നാരോപിച്ച് രണ്ടാം തവണയാണ് പ്രവാസികളായ നിക്ഷേപകർ രംഗത്തുവരുന്നത്. വിവിധ ഗൾഫ് രാജ്യങ്ങളിലെ നൂറിലേറെ വരുന്ന പ്രവാസി നിക്ഷേപകർ സംഘടന രൂപവത്കരിച്ച് നാട്ടിൽ നിയമപോരാട്ടം നടത്തുകയാണിപ്പോൾ. പദ്ധതി വരുമാനത്തിൽ ഇടപെടാൻ രാജീവ് അഞ്ചലിന് അധികാരമില്ല എന്ന കൊച്ചി നാഷണൽ കമ്പനി ലോ ട്രിബ്യൂണലിന്റെയും ചെന്നൈ നാഷണൽ കമ്പനി ലോ അപ്പലേറ്റ് ട്രിബ്യൂണലിന്റെയും ഉത്തരവ് നിലനിൽക്കെയാണ് ഗൾഫിൽ വീണ്ടും പിരിവ് നടത്തുന്നതെന്ന് നിക്ഷേപകർ പറഞ്ഞു. ഭൂരിപക്ഷം പ്രവാസികൾ ഉൾപ്പെടുന്ന നിക്ഷേപകരിൽനിന്ന് 43 കോടി രൂപയിലേറെ പിരിച്ചെടുത്തിട്ടും പത്ത് കോടിയുടെ പോലും നിർമാണം പദ്ധതി പ്രദേശത്ത് നടത്തിയിട്ടില്ല. ജഡായു പാറ ടൂറിസം സർക്കാരിന്റെ പദ്ധതിയാണെങ്കിലും പ്രവാസി നിക്ഷേപകരുടെ പരാതിയിൽ നടപടിയെടുക്കാൻ സംസ്ഥാന സർക്കാർ തയാറായിട്ടില്ല. കേസിൽ കോടതി വിധി വരട്ടെ എന്ന നിലപാടിലാണ് സർക്കാർ നിക്ഷേപകർ പറഞ്ഞു. പണം നഷ്ടപ്പെട്ടവരിൽ ഭൂരിഭാഗവും പ്രവാസികളായതിനാൽ നാട്ടിൽ പ്രക്ഷോഭത്തിന് ശ്രമിച്ചവരെ കേസിൽ കുടുക്കി ഭീഷണിപ്പെടുത്തുകയാണെന്നും ഇവർ പറഞ്ഞു. ദീപു ഉണ്ണിത്താൻ, പ്രവിത്ത്, ബാബുവർഗീസ്, രഞ്ജി ചെറിയാൻ, ഷിജി മാത്യൂ, അൻസാരി തുടങ്ങിയവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.




*കെ.സി ബി സി മദ്യ വിരുദ്ധ സമിതി സംസ്ഥാന വക്താവ് അഡ്വ. ചാർളി പോൾ രചിച്ച ' അമൂല്യം ജീവിതം - അരുത് ലഹരി' എന്ന പുസ്തകം കെ.സി.ബി.സി പ്രസിഡന്റ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, കെ.സി ബി സി മദ്യ വിരുദ്ധ കമ്മീഷൻ ചെയർമാൻ ബിഷപ് ഡോ.യൂഹാനോൻ മാർ തിയഡോഷ്യസ് പിതാവിന് നല്കി പ്രകാശനം ചെയ്യുന്നു. കെ.സി ബി സി സെക്രട്ടറി ജനറാൾ ബിഷപ് ഡോ.ജോസഫ് മാർ തോമസ്, ഡപ്യൂട്ടി സെക്രട്ടറി ഫാ ജേക്കബ് ജി പാലക്കാപ്പിള്ളി, കാരിത്താസ് ഇന്ത്യ ഡയറക്ടർ റവ.ഡോ പോൾ മൂഞ്ഞേലി, മദ്യ വിരുദ്ധ കമ്മീഷൻ സെക്രട്ടറി ഫാ ജോൺ അരീക്കൽ തുടങ്ങിയവർ സമീപം*

# അമൂല്യം ജീവിതം അരുത് ലഹരി' പ്രകാശനം ചെയ്തു

**കൊച്ചി :** കെ സി ബി സി മദ്യ വിരുദ്ധ സമിതി സംസ്ഥാന വക്താവ് അഡ്വ. ചാർളി പോൾ രചിച്ച ' അമൂല്യം ജീവിതം - അരുത് ലഹരി' എന്ന ഗ്രന്ഥം കെ.സി ബി സി പ്രസിഡന്റ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി, കെ സി ബി സി മദ്യ വിരുദ്ധ കമ്മീഷൻ ചെയർമാൻ ബിഷപ് ഡോ.യൂഹാനോൻ മാർ തിയഡോഷ്യസ് പിതാവിന് നല്കി പ്രകാശനം ചെയ്തു. കെ സി ബി സി സംസ്ഥാന തല ലഹരി വിരുദ്ധ പ്രചാരണത്തിന്റെ ഭാഗമായി പാലാരിവട്ടം പി.ഓ.സി യിൽ നടന്ന സജീവം വേദിയാലാണ് പ്രകാശനം നടന്നത്. ബിഷപ്പ് ഡോ ജോസഫ് മാർ തോമസ്, ഫാ.ജേക്കബ് ജി പാലക്കാപ്പിള്ളി, റവ ഡോ. പോൾ മൂഞ്ഞേലി, ഫാ.ജേക്കബ് മാവുങ്കൽ, ഫാ ജോൺ അരീക്കൽ, റവ ഡോ ജോളി പുത്തൻപുര, ജെസി ജെയിസ് , ഫാ.ടോണി കോഴിമണ്ണിൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു.



# പ്രളയത്തിൽ രക്ഷിക്കാനെത്തിയവരാണ് മത്സ്യത്തൊഴിലാളികൾ, തിരിച്ച് അവർക്കായി എന്ത് ചെയ്തതെന്ന് ചിന്തിക്കണം; രണ്ട് ഭാഗത്തും വിട്ടുവീഴ്ചയുണ്ടാകണമെന്ന് തരൂർ

കൊച്ചി: വിഴിഞ്ഞത്ത് സമവായം വേണമെന്ന് കോൺഗ്രസ് നേതാവ് ശശി തരൂർ എം പി. പ്രളയ സമയത്ത് രക്ഷിക്കാനെത്തിയവരാണ് മത്സ്യത്തൊഴിലാളികൾ. അവർക്കുവേണ്ടി എന്താണ് തിരിച്ച് ചെയ്തതെന്ന് നമ്മൾ ചിന്തിക്കണമെന്ന് അദ്ദേഹം പറഞ്ഞു. മത്സ്യത്തൊഴിലാളികളുടെ ആവശ്യം പരിഗണിക്കണം. തുറമുഖ നിർമാണം നിർത്തിവയ്ക്കണമെന്ന നിർബന്ധം പാടില്ല. എല്ലാവർക്കും വേണ്ടത് സമാധാനമാണ്. രണ്ട് ഭാഗത്തും വിട്ടുവീഴ്ചയുണ്ടാകണം. വികസനമുണ്ടാകണമെന്നും ജനങ്ങൾക്ക് ന്യായമായി കിട്ടേണ്ട കാര്യങ്ങൾ ലഭിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വിഴിഞ്ഞം വിഷയവുമായി ബന്ധപ്പെട്ട നടക്കുന്ന ചർച്ചകളിൽ പ്രതീക്ഷയുണ്ടെന്നും ശശി തരൂർ പ്രതികരിച്ചു. അതേസമയം, കർദിനാൾ ആലഞ്ചേരിയുമായി തരൂർ കൊച്ചിയിൽ കൂടിക്കാഴ്ച നടത്തി. കർദിനാളുമായി പൊതുകാര്യങ്ങളാണ് ചർച്ച ചെയ്തതെന്നും വിഴിഞ്ഞത്തെക്കുറിച്ച് സംസാരി

# താത്കാലിക സ്പീക്കർമാരുടെ പാനലിൽ കെ.കെ. രമയും; പട്ടികയിൽ മുഴുവൻ അംഗങ്ങളും വനിതകൾ

**തിരുവനന്തപുരം:** പതിനഞ്ചാം നിയമസഭയുടെ ഏഴാം സമ്മേളനത്തിന് തുടക്കമായി. സമ്മേളനത്തിൽ സ്പീക്കറുടേയും ഡെപ്യൂട്ടി സ്പീക്കറുടേയും അഭാവത്തിൽ സഭ നിയന്ത്രിക്കേണ്ട ചെയർമാന്മാരുടെ പാനൽ പ്രഖ്യാപിച്ചു. പാനലിൽ മുഴുവൻ സ്ത്രീകളാണെന്നതാണ് ഇത്തവണത്തെ പ്രത്യേകത. താത്കാലിക സ്പീക്കർമാരുടെ പാനലിൽ മൂന്ന് വനിതാ അംഗങ്ങളാണ് ഉള്ളത്. പ്രതിപക്ഷത്തുനിന്നും ആർ.എം.പിയുടെ വടകര എം.എൽ.എ. കെ. കെ. രമയും ഉൾപ്പെടുന്നു. ഭരണപക്ഷത്തുനിന്ന് രണ്ടുപേരും പ്രതിപക്ഷത്തുനിന്ന് ഒരാളും അടങ്ങിയതാണ് പാനൽ. നിയമസഭയുടെ പുതിയ സ്പീക്കറായി ചുമതലയേറ്റെടുത്ത എ.എൻ. ഷംസീറാണ് ചെയർമാന്മാരുടെ പാനലിൽ വനിതകളെ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം മുന്നോട്ടുവെച്ചത്. സി.കെ. ആശയേയും യു. പ്രതിഭയേയുമായിരുന്നു ഭരണപക്ഷം നിർദ്ദേശിച്ചത്. പ്രതിപക്ഷത്തുനിന്ന് സഭയിലെ പുതുമുഖമായ തൃക്കാക്കര എം.എൽ.എയായ ഉമാ തോമസ് എത്തുമെന്നായിരുന്നു ഭരണപക്ഷത്തിന്റെ പ്രതീക്ഷ. എന്നാൽ, വടകരയിൽ നിന്ന് യു.ഡി.എഫ്. പിന്തുണയിൽ ജയിച്ച കെ.കെ. രമയെ പ്രതിപക്ഷം നിർദ്ദേശിക്കുകയായിരുന്നു. സാധാരണഗതിയിൽ മൂന്നു പേർ അടങ്ങുന്ന പാനലിൽ പരമാവധി ഒരു വനിതാ അംഗം മാത്രമാണ് ഉൾപ്പെടാറുള്ളത്. ഒരു സമ്മേളനത്തിൽത്തന്നെ പാനലിലെ മൂന്ന് അംഗങ്ങളേയും



വനിതകളിൽ നിന്ന് നോമിനേറ്റ് ചെയ്തത് കേരള നിയമസഭയിൽ ആദ്യമായിട്ടാണ്. ഒന്നാം കേരള നിയമസഭ മുതൽ നടപ്പു സമ്മേളനം വരെ ആകെ 515 അംഗങ്ങൾ പാനലിൽ വന്നതിൽ 32 വനിതകൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്.



# വ്യാജവിസ നൽകി സ്പെയിനിലേക്ക് മനുഷ്യക്കടത്ത്, വൻ തട്ടിപ്പ്; രണ്ടുപേർ അറസ്റ്റിൽ

**കൊച്ചി:** വ്യാജവിസ നൽകി സ്പെയിനിലേക്കും മറ്റു യൂറോപ്യൻ രാജ്യങ്ങളിലേക്കും മനുഷ്യക്കടത്ത് നടത്തുന്ന രണ്ടുപേരെ എറണാകുളം റൂറൽ ക്രൈംബ്രാഞ്ച് അറസ്റ്റ് ചെയ്തു. കാസർകോട് സ്വദേശി ജോബിൻ മൈക്കിൾ(35) പാലക്കാട് സ്വദേശി പൃഥിരാജ് കുമാർ(47) എന്നിവരാണ് അറസ്റ്റിലായത്. പ്രതികൾ നൽകിയ വ്യാജവിസയുമായി യാത്രചെയ്ത യുവതി ഉൾപ്പെടെയുള്ള മൂന്നുപേരെ അടുത്തിടെ സ്പെയിനിൽനിന്ന് ഇന്ത്യയിലേക്ക് തന്നെ നാടുകടത്തിയിരുന്നു. നെടുമ്പാശ്ശേരി വിമാനത്താവളത്തിലെത്തിയ ഇവരെ പിന്നീട് പോലീസിന് കൈമാറി. തുടർന്ന് പോലീസ് നടത്തിയ അന്വേഷണത്തിലാണ് മനുഷ്യക്കടത്ത് സംഘം പിടിയിലായത്. യൂറോപ്യൻ രാജ്യങ്ങളിലേക്ക് ജോലിക്ക് പോകുന്നതിനുള്ള വിസ ലഭിക്കാൻ മതിയായ വിദ്യാഭ്യാസയോഗ്യതയും നടപടിക്രമങ്ങളും ആവശ്യമാണ്. എന്നാൽ തട്ടിപ്പുസംഘം വ്യാജരേഖകൾ നൽകി വ്യാജവിസ സ്വന്തമാക്കുകയും ലക്ഷങ്ങൾ ഈടാക്കി ഇത് മറ്റുള്ളവർക്ക് നൽകുകയുമായിരുന്നു. ആറുലക്ഷം രൂപ വീതമാണ് തട്ടിപ്പിനിരയായവർ പ്രതികൾക്ക് നൽകിയിരുന്നത്. പ്ലസ്ടു മാത്രം യോഗ്യതയുള്ളവരാണ് വ്യാജവിസ ചതിയിൽ കുടുങ്ങിയത്. വിസ വ്യാജമാണെന്നറിയാതെ സ്പെയിനിലെത്തിയ ഇവരെയെല്ലാം പിന്നീട് തിരികെ നാട്ടിലേക്ക് തന്നെ കയറ്റിവിടുകയായിരുന്നു. വിസ നടപടിക്രമങ്ങളെക്കുറിച്ച് അറിവില്ലാത്തവരെ കബളിപ്പിച്ചാണ് പ്രതികൾ ലക്ഷക്കണക്കിന് രൂപ തട്ടിയെടുത്തതെന്നും വ്യാജവിസ നൽകിയതെന്നും പോലീസ് പറഞ്ഞു. മനുഷ്യക്കടത്ത് റാക്കറ്റിൽ ഉൾപ്പെട്ട കൂടുതൽ ഏജന്റുമാരെ കണ്ടെത്താനായി അന്വേഷണം വ്യാപിപ്പിച്ചിട്ടുണ്ടെന്നും ഇത്തരം ഏജന്റുമാരുടെ കെണിയിൽ വീഴാതിരിക്കാൻ ജാഗ്രത പാലിക്കണമെന്നും പോലീസ് അറിയിച്ചു. റൂറൽ ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ഡിവൈ.എസ്.പി. ആർ. രാജീവ്, എസ്.ഐ. ടി.എം. സൂഫി തുടങ്ങിയവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്.




# നോയ്സ് ബ്രാൻഡ് അംബാസഡറായി വിരാട് കോഹ്ലി

ഇന്ത്യയിലെ പ്രമുഖ കണക്റ്റഡ് ലൈഫ്സ്റ്റൈൽ ടെക് ബ്രാൻഡായ നോയ്സ്, തങ്ങളുടെ സ്മാർട്ട് വാച്ചുകളുടെ പുതിയ ബ്രാൻഡ് അംബാസഡറായി യൂത്ത് ഐക്കണും ഇന്ത്യൻ ക്രിക്കറ്റിലെ രാജാവുമായ വിരാട് കോഹ്ലിയെ തിരഞ്ഞെടുത്തു. ബ്രാൻഡിന്റെ കോ-ക്രിയേഷനോടുള്ള പ്രതിബദ്ധതതയ്ക്കൊപ്പം ഉപഭോക്തൃ വിശ്വാസവും വിശ്വസ്തതയും കൂടുതൽ ആഴത്തിലാക്കാൻ ഈ പങ്കാളിത്തം സഹായിക്കും."ഇന്ത്യൻ ക്രിക്കറ്റ് ഇതിഹാസം വിരാട് കോഹ്ലിയെ ഒരു നോയ്സ് മെയ്ക്കറായി സ്വാഗതം ചെയ്യുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. സ്മാർട്ട് വാച്ച് വിഭാഗത്തിലെ ഞങ്ങളുടെ നേതൃത്വം ലോകമെമ്പാടുമുള്ള ആരാധകരുടെ പ്രിയങ്കരനാകാൻ വിരാട് നടത്തിയ യാത്രയെ പൂർണ്ണമായും പ്രതിഫലിപ്പിക്കുന്നതാണ്. ഉള്ളിലെ ശബ്ദം കേൾക്കാനുള്ള ഞങ്ങളുടെ നിരന്തരമായ ഉത്സാഹത്തിനും ഒരു പവർ-പാക്ക്ഡ് പെർഫോമൻസ് നൽകേണ്ടതിന്റെ ആവശ്യകതയ്ക്കൊപ്പം, വിരാടുമായുള്ള ഞങ്ങളുടെ സഹവാസം ഇന്ത്യയിലും വിദേശത്തുമുള്ള യുവ പ്രേക്ഷകരുമായുള്ള ഞങ്ങളുടെ ബന്ധം കൂടുതൽ ശക്തിപ്പെടുത്തുമെന്ന് ഉറപ്പുണ്ട്." പ്രഖ്യാപനത്തെക്കുറിച്ച് പ്രതികരിക്കവേ നോയ്സ് സഹസ്ഥാപകനായ ഗൗരവ് ഖത്രി അഭിപ്രായപ്പെട്ടു.നോയ്സും വിരാടും യഥാക്രമം സ്മാർട്ട് കണക്റ്റഡ് ലൈഫ്സ്റ്റൈൽ ഇൻഡസ്ട്രിയിലെയും ക്രിക്കറ്റ് ലോകത്തെയും സ്ഥാപിത നേതാക്കളാണ്. കൂടാതെ, സൂപ്പർ-അത്‌ലറ്റുകളുടെ യുഗത്തിലേക്ക് നയിച്ചതിന് പിന്നിൽ പ്രധാന സ്വാധീനം ചെലുത്തിയ വിരാട് തന്റെ ഫിറ്റ്നസ് ലെവലിൽ എപ്പോഴും അഭിമാനിക്കുന്നതിനാൽ, അദ്ദേഹം ബ്രാൻഡിന് ഏറ്റവും അനുയോജ്യനാണ്.ഒമ്പത് പാദങ്ങളിൽ തങ്ങളുടെ നേതൃത്വം ആവർത്തിച്ചുകൊണ്ട്, സ്മാർട്ട് വാച്ച് വിഭാഗത്തിലെ ഏറ്റവും ശക്തമായ ഇന്ത്യൻ ബ്രാൻഡായി നോയ്സ് ഉയർന്നു. ബ്രാൻഡിന്റെ യാത്ര, ഡെലിവറിയിലെ അതിന്റെ സ്ഥിരത, കണ്ടുപിടിക്കാനും പുനർനിർമ്മിക്കാനുമുള്ള കഴിവ്, മാസ് അപ്പീൽ എന്നിവ പ്രകടമാക്കുന്നത് - ഇന്ത്യയിലെ ഏറ്റവും ജനപ്രിയ ക്രിക്കറ്റ് താരം വിരാട് കോഹ്ലി പ്രതിനിധീകരിക്കുന്നവയ്ക്ക് സമാനമാണ്. "ഞാൻ എപ്പോഴും പ്രതിധ്വനിക്കുന്ന ബ്രാൻഡുകളുമായി ചേർന്ന് പ്രവർത്തിക്കുന്നതിൽ വിശ്വസിക്കുന്നു. തുടർച്ചയായി പുതിയ വാർത്തകൾ സൃഷ്ടിക്കുകയും ഇന്ത്യയെ ആഗോള ഭൂപടത്തിൽ ഉൾപ്പെടുത്തി സ്മാർട്ട് വെയറബിളുകളുടെ യുഗത്തിന് തുടക്കമിട്ടിരിക്കുന്നതുമായ നോയ്സുമായി ഞാൻ പങ്കാളിയാകുന്നതിലൂടെ നോയ്സ് മേക്കേഴ്സിന്റെ ആവേശകരമായ ടീമിൽ ചേരുന്നതിൽ ഞാൻ ആവേശഭരിതനാണ്. ഞങ്ങളുടെ പങ്കാളിത്തം, ഉള്ളിലെ ശബ്ദം കേൾക്കാനുള്ള ഞങ്ങളുടെ സമാനമായ വിശ്വാസത്തിന് പ്രതീകമാകുന്നു." പങ്കാളിത്തത്തെ കുറിച്ച് വിരാട് കോഹ്ലി പറഞ്ഞു.



# കോൾ ഇന്ത്യയിൽ നിന്ന് കേന്ദ്രത്തിന് ലഭിച്ചത് 6113 കോടി

പൊതുമേഖലാ സ്ഥാപനമായ കോൾ ഇന്ത്യ, എംഎസ്ടിസി എന്നീ കമ്പനികളിൽ നിന്ന് കേന്ദ്രസർക്കാരിന് ലാഭവിഹിതം ലഭിച്ചു.കോൾ ഇന്ത്യ ഓഹരികളിൽ നിന്നുള്ള ലാഭവിഹിതം 6113 കോടി രൂപയാണ്. ഇടക്കാല ലാഭ വിഹിതമായി ഓഹരി ഒന്നിന് 15 രൂപ രൂപവീതമാണ് കോൾ ഇന്ത്യ നൽകിയത്.എംഎസ്ടിസിയിൽ നിന്ന് 25 കോടിയാണ് കേന്ദ്രത്തിന് ലഭിച്ചത്. എംഎസ്ടിസി ലാഭവിഹിതം നൽകിയത് ഓഹരി ഒന്നിന് 5.50 രൂപ നിരക്കിലാണ്. കഴിഞ്ഞ മാസം നവംബറിൽ ഒഎൻജിസിയിൽ കേന്ദ്രത്തിന് 5001 കോടി രൂപ ലാഭവിഹിതം കിട്ടിയിരുന്നു. നടപ്പ് സാമ്പത്തിക വർഷം ഇതുവരെ പൊതുമേഖലാ കമ്പനികളിൽ നിന്ന് കേന്ദ്രത്തിലേക്ക് എത്തിയത് 32,238 കോടി രൂപയോളം ആണ്.2022-23 കാലളവിൽ 46000 കോടി രൂപയാണ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് ലാഭവിഹിതമായി കേന്ദ്രം പ്രതീക്ഷിക്കുന്നത്. എല്ലാവർഷവും അറ്റാദായത്തിന്റെ 30 ശതമാനം അല്ലെങ്കിൽ ആകെ ആസ്തിയുടെ അഞ്ച് ശതമാനം പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭവിഹിതമായി നൽകണമെന്നാണ് നിയമം.

BUSINESS NEWS



# നടി ഹൻസിക മോട്വാനി വിവാഹിതയായി

നടി ഹൻസിക മോട്വാനിയും സൊഹൈയ്ൽ കതൂരിയയും ജയ്പ്പൂരിലെ മുണ്ടോട്ട ഫോർട്ടിൽ വിവാഹിതരായി. ഏറെ നാളത്തെ പ്രണയത്തിനൊടുവിലാണ് ഇരുവരും വിവാഹിതരായത്.ഡിസംബർ 4നായിരുന്നു വിവാഹം.ഇരുവരും വധുവും വരനുമായി വിവാഹവസ്ത്രത്തിൽ തിളങ്ങുന്ന ചിത്രം സോഷ്യൽ മീഡിയ ഏറ്റെടുത്തു കഴിഞ്ഞു .ചുവന്ന നിറമുള്ള ബ്രൈഡൽ ലെഹങ്കയാണ് ഹൻസികയുടെ വേഷം. സൊഹൈയ്ൽ ഐവറി നിറമുള്ള ഷെർവാനിയാണ് ധരിച്ചത്. വരമാല ചടങ്ങിൽ വർണ്ണാഭമായ ഫയർവർക്കുകളും ഉണ്ടായിരുന്നു. ഒരു ആഡംബര വാഹനത്തിൽ ഋതിക് റോഷൻ കത്രീന കൈഫ് എന്നിവരുടെ ഗാനത്തിന് ചുവടുവച്ചാണ് ഇവർ വിവാഹവേദിയിലെത്തിയത്.




# മകൾക്കൊപ്പം തിയേറ്ററിലെത്തി 'ഖെദ്ദ' കണ്ട് ആശ ശരത്ത്

ആശ ശരത്തും മകളും പ്രധാന വേഷങ്ങളിൽ എത്തുന്ന സിനിമ എന്നത് കൊണ്ട് തന്നെ ഏറെ വാർത്ത പ്രാധാന്യം നേടിയ സിനിമയാണ് ഖെദ്ദ.അത് കൊണ്ട് തന്നെ സിനിമയുടെ തിയേറ്റർ റിലീസിനും കാത്തിരിക്കുകയായിരുന്നു പ്രേക്ഷകർ. ചിത്രം കഴിഞ്ഞ ദിവസം തിയേറ്ററുകളിൽ പ്രദർശനത്തിനെത്തി. ഫാമിലി ത്രില്ലർ ഗണത്തിൽപ്പെടുന്ന ചിത്രമാണ് ഖെദ്ദ. ഒപ്പം അമ്മ-മകൾ, അച്ഛൻ-മകൾ ബന്ധങ്ങൾക്ക് പ്രാധാന്യം നൽകി ഒരുക്കിയ ചിത്രമാണിത്.ഉത്തര ശരത്തിന്റെ ആദ്യ ചിത്രം കൂടിയാണ് ഖെദ്ദ. സിനിമയിലും അമ്മയും മകളുമായാണ് ആശ ശരത്തും ഉത്തരയും അഭിനയിക്കുന്നത്. ഇതിനോടകം തന്നെ നിരവധി ക്ലാസ്സിക് സിനിമകളിലൂടെ ശ്രദ്ധ നേടിയ മനോജ് കാനയാണ് സിനിമയുടെ സംവിധായകൻ. ചായില്യം, അമീബ, കെഞ്ചിര എന്നീ സിനിമകൾക്ക് ശേഷം മനോജ് കാന തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ചിത്രം കൂടിയാണ് ഖെദ്ദ.ആശ ശരത്തിനൊപ്പം സുദേവ് നായർ, സുധീർ കരമന, ജോളി ചിറയത്ത്, സരയു എന്നിവരും ചിത്രത്തിൽ പ്രധാന വേഷങ്ങളിൽ എത്തുന്നു. ഒരുത്തി, ഓട്ടോറിക്ഷക്കാരന്റെ ഭാര്യ എന്നീ ഹിറ്റ് സിനിമകക്ക് ശേഷം ബെൻസി പ്രൊഡക്ഷൻസിന്റെ ബാനറിൽ കെ.വി അബ്ദുൾ നാസറാണ് ചിത്രം നിർമ്മിച്ചിരിക്കുന്നത്. പ്രതാപ് പി. നായരാണ് ക്യാമറ കൈകാര്യം ചെയ്തിരിക്കുന്നത്. ബിജിബാലാണ് ചിത്രത്തിന്റെ പശ്ചാത്തല സംഗീതം ഒരുക്കിയിരിക്കുന്നത്.




# ഭാരത സർക്കസിൽ ഹരിചന്ദ്രൻ നായർ ആയി എം എ നിഷാദ്

സോഹൻ സീനുലാൽ സംവിധാനം ചെയ്യുന്ന പുതിയ ചിത്രമാണ് . 'ഭാരത സർക്കസ്'. ഷൈൻ ടോം ചാക്കോ, ബിനു പപ്പു, എം എ നിഷാദ് എന്നിവരാണ് പ്രധാന കഥാപാത്രങ്ങൾ. ചിത്രത്തിന്റെ കഥയും തിരക്കഥയും സംഭാഷണവും മുഹാദ് വെമ്പായത്തിന്റേതാണ്. ഇപ്പോൾ സിനിമയിലെ പുതിയ ക്യാരക്ടർ പോസ്റ്റർ പുറത്തുവിട്ടു. ഭാരത സർക്കസിൽ ഹരിചന്ദ്രൻ നായർ ആയി എം എ നിഷാദ് എത്തുന്നു. ചിത്രം ഡിസംബർ 9ന് പ്രദർശനത്തിന് എത്തുംജാഫർ ഇടുക്കി, ആരാദ്യ ആൻ,മേഘ തോമസ് തുടങ്ങിയവരും ചിത്രത്തിൽ അഭിനയിക്കുന്നു. ബെസ്റ്റ് വേ എന്റർടെയ്ൻമെന്റിന്റെ ബാനറിൽ അനൂജ് ഷാജിയാണ് ചിത്രം നിർമ്മിക്കുന്നത്. ക്യാമറ ബിനു കുര്യൻ, സംഗീതം ബിജിബാൽ, എഡിറ്റർ വി. സാജൻ, പ്രൊഡക്ഷൻ കണ്ട്രോളർ ദീപക്ക് പരമേശ്വരൻ, കലാസംവിധാനം പ്രദീപ്, മേക്കപ്പ് റോണക്സ് സേവ്യർ, വസ്ത്രാലങ്കാരം മനോഹർ, സൗണ്ട് ഡിസൈനിങ് ഡാൻ, കൊ.ഡയറക്ടർ പ്രകാശ് കെ.മധു, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് നസീർ കരന്തൂർ, പി.ആർ. ഒ എ എസ്. ദിനേശ്, സ്റ്റിൽ നിദാദ് കെ.എൻ, പബ്ലിസിറ്റി ഡിസൈൻ കോളിൻസ് ലിയോഫിൽ.




# 'മോമോ ഇൻ ദുബായ്' ഉടൻ പ്രദർശനത്തിനെത്തും

അനു സിത്താര, അനീഷ് ജി മേനോൻ, ജോണി ആന്റണി എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി നവാഗതനായ അമീൻ അസ്ലം സംവിധാനം ചെയ്യുന്ന 'മോമോ ഇൻ ദുബായ്' ഉടൻ പ്രദർശനത്തിനെത്തുന്നു .അതിനോടനുബന്ധിച്ച് ' അമേരിക്ക ആയാലും ജപ്പാൻ ആയാലും മോമോ രാജ്യം വിടുകയാണ് ' എന്ന കുറിപ്പോടെ 'മോമോ ഇൻ ദുബായ്' യുടെ പോസ്റ്റർ റിലീസ് ചെയ്തു. സുഡാനി ഫ്രം നൈജീരിയ, ഹലാൽ ലൗ സ്റ്റോറി എന്ന ചിത്രത്തിനു ശേഷം സക്കരിയയുടെയും ആയിഷ എന്ന ചിത്രത്തിന്റെ തിരകഥാകൃത്ത് ആഷിഫ് കക്കോടിയുടെയും തിരക്കഥയിൽ ഒരുങ്ങുന്ന 'മോമോ ഇൻ ദുബായ്' ഒരു ചിൽഡ്രൻസ് ഫാമിലി ചിത്രമായാണ് എത്തുന്നത് . ഇമാജിൻ സിനിമാസ്, ക്രോസ് ബോർഡർ ക്യാമറ, ബിയോണ്ട് സ്റ്റുഡിയോസ് എന്നിവയുടെ ബാനറിൽ സക്കരിയ, ഹാരിസ് ദേശം, പി.ബി അനീഷ്, നഹല അൽ ഫഹദ് എന്നിവർ ചേർന്നാണ് 'മോമോ ഇൻ ദുബായ്' നിർമ്മിക്കുന്നത്.




# 'വണങ്കാനി'ൽ നിന്ന് പിൻമാറി സൂര്യ

സംവിധായകൻ ബാലയുടെ പുതിയ ചിത്രം വണങ്കാനിൽ നിന്ന് പിന്മാറി സൂര്യ. ബാല തന്നെയാണ് ഇക്കാര്യം തന്റെ ട്വിറ്ററിലൂടെ അറിയിച്ചത്.കഥയിൽ വരുത്തിയ ചില മാറ്റങ്ങൾ കാരണം സൂര്യക്ക് അത് ചേരുമോ എന്ന ആശങ്ക തനിക്കുണ്ടെന്നും എന്നിലും കഥയിലും സൂര്യക്ക് പൂർണ വിശ്വാസമാണുള്ളതെന്നും അതുകൊണ്ടുതന്നെ തന്റെ അനുജന് ഒരു മോശവും ഉണ്ടാകരുത് എന്നത് താൻ ആഗ്രഹിക്കുന്നതായും സംവിധായകൻ ബാല ട്വിറ്ററിൽ കുറിച്ചു.ഞങ്ങൾ രണ്ടുപേരും ഒരുമിച്ചെടുത്ത തീരുമാനമാണിത്. വല്ലാത്ത സങ്കടമുണ്ടെങ്കിലും എന്റെ താൽപര്യം മുൻനിർത്തിയുള്ള തീരുമാനം തന്നെയാണിതെന്നും ബാല പറയുന്നു. അതേസമയം, ബോളിവുഡ് താരം കൃതി ഷെട്ടിയെ ആയിരുന്നു ചിത്രത്തിൽ നായികയായി തീരുമാനിച്ചിരുന്നത്. ജി വി പ്രകാശ് കുമാറാണ് സംഗീത സംവിധായകൻ. ബാലസുബ്രഹ്മണ്യം ആണ് ചിത്രത്തിന്റെ ഛായാഗ്രാഹകൻ. 'വണങ്കാൻ' എന്ന ചിത്രത്തിന്റെ കലാ സംവിധാനം വി മായ പാണ്ടിയും ആണ്. ബാലയും സൂര്യയും ഒന്നിച്ച അവസാന ചിത്രം 'പിതാമഹൻ' ആയിരുന്നു.




# ആന്റണി വർഗീസിന്റെ പൂവൻ റിലീസിന് ഒരുങ്ങുന്നു

ആന്റണി വർഗീസിന്റെ പൂവൻ റിലീസിന് ഒരുങ്ങുന്നു. ആക്ഷൻ കഥാപാത്രങ്ങളിൽ നിന്ന് തൽക്കാലം മാറി സഞ്ചരിക്കുകയാണ് നടൻ ഇപ്പോൾ .സിനിമയുടെ ഓഡിയോ റൈറ്റ്സ് സോണി മ്യൂസിക് സ്വന്തമാക്കി. 'പൂവൻ' ഒരു സാമൂഹിക പ്രസക്തമായ വിഷയത്തെ നർമ്മത്തിന്റെ മേമ്പൊടിയോടെ പ്രേക്ഷകരിലേക്ക് എത്തിക്കുകയാണ്.ആന്റണി വർഗീസിനെ കൂടാതെ മണിയൻ പിള്ള രാജു, കലാഭവൻ പ്രജോദ്, വരുൺ ദാര, വിനീത് വിശ്വം, വിനീത് ചാക്യാർ, സജിൻ ചെറുകയിൽ തുടങ്ങിയവരാണ് പ്രധാന വേഷങ്ങളിൽ എത്തുന്നത്.സിനിമയുടെ സംവിധായകൻ വിനീത് വാസുദേവൻ അടുത്തിടെ പുറത്തിറങ്ങിയ 'സൂപ്പർ ശരണ്യ'യിൽ അജിത് മേനോൻ എന്ന കഥാപാത്രത്തെ അവതരിപ്പിച്ചിരുന്നു. 'സൂപ്പർ ശരണ്യ'യിൽ ആന്റണി വർഗീസും അതിഥി വേഷത്തിൽ എത്തിയിരുന്നു.



# ഇന്ന് ഡോ. ബി ആർ അംബേദ്കറുടെ 66–ാം ചരമവാർഷികം

ഇന്ത്യൻ ഭരണഘടനയുടെ ശിൽപി ഡോ. ബി ആർ അംബേദ്കർ നിലവിൽ മദ്ധ്യപ്രദേശിന്റെ ഭാഗമായ അന്നത്തെ ബ്രിട്ടീഷ് ഇന്ത്യയിലെ സെൻട്രൽ പ്രൊവിൻസിൽ ഉൾപ്പെടുന്ന മഹോയിൽ 1891 ഏപ്രിൽ 14ന് ജനിച്ചു. ക്ലേശപൂർണ്ണമായിരുന്നു അംബേദ്കറുടെ ബാല്യകാലം. ബറോഡ മഹാരാജാവിന്റെ സഹായത്തോടെ അമേരിക്ക, ഇംഗ്ലണ്ട്, ജർമ്മനി എന്നിവിടങ്ങളിൽ ഉന്നതവിദ്യാഭ്യാസം പൂർത്തിയാക്കി.

തുടർന്ന് അധ്യാപകൻ, അഭിഭാഷകൻ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു. മിശ്രഭോജനം, മിശ്രവിവാഹം, സാമുദായികസമത്വം എന്നിവയ്ക്കുവേണ്ടി പ്രവർത്തിച്ചു. അംബേദ്കറുടെ ശ്രമഫലമായി 1932ൽ അധകൃതർക്കുവേണ്ടി പ്രത്യേകം നിയോജകമണ്ഡലം അനുവദിച്ചു. ബഹിഷ്കൃത ഹിതകാരിണി എന്ന സംഘടനയുണ്ടാക്കി. സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ നിയമമന്ത്രിയായി. 1956-ൽ ഹിന്ദുമതം ഉപേക്ഷിച്ച് ബുദ്ധമതം സ്വീകരിച്ചു. 1956 ഡിസംബർ 6-ന് ദില്ലിയിൽ വെച്ചായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം.

ഇന്ന് ഡോ.ബി.ആർ അംബേദ്കറുടെ 66ാം ചരമവാർഷികമാണ്. 1956 ഡിസംബർ 6 നാണ് ബാബാസാഹേബ് അംബേദ്കർ എന്നറിയപ്പെടുന്ന ഡോ. ഭീംറാവു റാംജി അംബേദ്കർ അന്തരിച്ചത്. മധ്യപ്രദേശിലെ മോവിൽ ജനിച്ച അംബേദ്കർ മാതാപിതാക്കളുടെ 14-ാമത്തെയും അവസാനത്തെയും കുട്ടിയായിരുന്നു. സാമ്പത്തിക ശാസ്ത്രജ്ഞനും വിദ്യാഭ്യാസ സൈദ്ധാന്തികനുമായിരുന്നു അദ്ദേഹം. ഇന്ത്യൻ ഭരണഘടനയുടെ മുഖ്യ ശിൽപ്പി എന്ന് വിളിക്കപ്പെടുന്ന ബാബാസാഹേബ് ഇന്ത്യയുടെ ദളിത് ആക്ടിവിസത്തിന്റെ പതാകവാഹകൻ കൂടിയായിരുന്നു.1947 ആഗസ്ത് 29 ന് സ്വതന്ത്ര ഇന്ത്യയുടെ ഭരണഘടനയ്ക്ക് വേണ്ടിയുള്ള ഭരണഘടനാ ഡ്രാഫ്റ്റിംഗ് കമ്മിറ്റിയുടെ ചെയർമാനായി മാറി ബി ആർ അംബേദ്കർ. സ്വാതന്ത്ര്യാനന്തരം അദ്ദേഹം ഇന്ത്യയുടെ നിയമമന്ത്രിയായി. ദളിതർക്കെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ ശബ്ദമുയർത്താനായി 'എക്സ്ക്ലൂഡഡ് ഇന്ത്യ', 'മൂക് നായക്', 'ജനത' എന്നീ പേരുകളിൽ ദ്വൈവാരികകളും വാരികകളും അദ്ദേഹം തുടങ്ങിയിരുന്നു. വിവാഹസമയത്ത് അദ്ദേഹത്തിന്റെ ആദ്യ ഭാര്യക്ക് 9 വയസ്സ് മാത്രമായിരുന്നു പ്രായം.

1. 64 വിഷയങ്ങളിൽ ബിരുദാനന്തര ബിരുദം നേടിയ അദ്ദേഹത്തിന് 9 ഭാഷകൾ അറിയാം. 21 വർഷക്കാലം ലോകമെമ്പാടും നിന്ന് വിദ്യാഭ്യാസം നേടുകയും ചെയ്തു. ഡോക്ടറേറ്റ് നേടിയ ആദ്യ ഇന്ത്യക്കാരനും അദ്ദേഹമായിരുന്നു.
2. ബുദ്ധമത വിശ്വാസിയായി അറിയപ്പെടുന്ന അംബേദ്കർ മഹാരാഷ്ട്രയിലെ മഹർ ജാതിയിൽപെട്ട ഒരു ഹിന്ദു കുടുംബത്തിലാണ് ജനിച്ചത്. അന്ന് അത് താഴ്ന്ന ജാതിയായി കണക്കാക്കപ്പെട്ടിരുന്നു, ആ വിഭാഗത്തിൽപ്പെട്ടവരെ 'തൊട്ടുകൂടാത്തവരാ'യാണ് കണക്കാക്കിയിരുന്നത്. 1956 ലാണ് അദ്ദേഹം ബുദ്ധമതം സ്വീകരിച്ചത്.
3. ഇന്ത്യൻ ഭരണഘടനാശില്പിയുടെ 20 പേജുള്ള ആത്മകഥയായ 'വെയ്റ്റിംഗ് ഫോർ എ വിസ' കൊളംബിയ സർവകലാശാലയിൽ പാഠപുസ്തകമാക്കിയിട്ടുണ്ട്.
4. ലണ്ടൻ മ്യൂസിയത്തിൽ കാൾ മാർക്സിനൊപ്പം സ്വന്തം പ്രതിമയുള്ള ഒരേയൊരു ഇന്ത്യക്കാരനാണ് അംബേദ്കർ.
5. 50,000 ത്തിലധികം പുസ്തകങ്ങളുള്ള ലോകത്തിലെ ഏറ്റവും വലിയ ലൈബ്രറിയായിരുന്ന രാജ്ഗിർ, ബാബാസാഹേബിന്റെ സ്വകാര്യ ലൈബ്രറിയാണ്.
6. ലോകമെമ്പാടുമുള്ള എല്ലാ ബുദ്ധ ചിത്രങ്ങളിലും പ്രതിമകളിലും ബുദ്ധന്റെ കണ്ണുകൾ അടഞ്ഞാണ് ഇരിക്കുന്നത്. തുറന്ന കണ്ണുകളോടെ അദ്ദേഹത്തെ ആദ്യമായി വരച്ച വ്യക്തി അംബേദ്കറാണ്.
7. പിന്നോക്ക ജാതിയിൽപ്പെട്ട ആദ്യത്തെ അഭിഭാഷകനായിരുന്നു അദ്ദേഹം.
8. അദ്ദേഹത്തിന്റെ യഥാർത്ഥ പേര് അംബാവഡേക്കർ എന്നായിരുന്നു, അത് സ്കൂളിലെ അധ്യാപകൻ അംബേദ്കർ എന്നാക്കി മാറ്റി.
9. അംബേദ്കറിന് മരണാനന്തര ബഹുമതിയായി ഇന്ത്യയിലെ പരമോന്നത പൗരബഹുമതിയായ ഭാരതരത്നം നൽകി ആദരിച്ചു.
10. കുടിവെള്ളത്തിനായി സത്യാഗ്രഹം നടത്തിയ ലോകത്തിലെ ഏക സത്യാഗ്രഹി അദ്ദേഹമായിരുന്നു.

# കുട്ടികളുടെ പേരുകൾ ശക്തമായിരിക്കണം ; ബോംബ്, തോക്ക്, ഉപഗ്രഹം തുടങ്ങിയ പേരുകൾ നൽകണമെന്ന് കിം ജോങ് ഉൻ

**സോൾ ;** ഉത്തരകൊറിയൻ ഏകാധിപതി കിം ജോങ് ഉന്നിന്റെ വിചിത്രമായ ഉത്തരവുകളെക്കുറിച്ച് പലപ്പോഴും ലോകം ചർച്ച ചെയ്യാറുണ്ട്ഇപ്പോൾ കുട്ടികളുടെ പേരുകൾ സംബന്ധിച്ച ഉത്തരവ് കിം ജോങ് ഉൻ പുറത്തിറക്കിയിരിക്കുകയാണ്. ബോംബ്, തോക്ക്, ഉപഗ്രഹം തുടങ്ങിയ അർത്ഥമുള്ള പേരുകളും നിശ്ചയിച്ചിട്ടുണ്ട്. കുട്ടികളുടെ പേരുകൾ അതിലോലമായതിനുപകരം ശക്തമായിരിക്കണം, ദേശസ്നേഹത്തിന്റെ നേർക്കാഴ്ച നൽകുന്നതാകണം പേരുകൾ തുടങ്ങിയ നിർദേശങ്ങളും കിം ജോങ് ഉൻ നൽകിയിട്ടുണ്ട്.കുട്ടികൾക്ക് ചോങ് ഇൽ (തോക്ക്), ചുങ് സിം (ലോയൽറ്റി), പോക്ക് ഇൽ (ബോംബ്), ഉയി സോങ് (സാറ്റലൈറ്റ്) തുടങ്ങിയ പേരുകൾ നൽകാനാണ് ഉത്തരവ്. അവ - ദേശഭക്തി പേരുകൾ ആണത്രേ . ഇതോടൊപ്പം, ദക്ഷിണ കൊറിയയിലെ പ്രചാരത്തിലുള്ള പേരുകളായ ഏ റി (സ്നേഹിക്കുന്നവൻ), സു മി (സൂപ്പർ ബ്യൂട്ടി) എന്നിങ്ങനെയുള്ള സ്നേഹം, സൗന്ദര്യം തുടങ്ങിയ വികാരങ്ങളുടെ പര്യായമായ പേരുകൾ മാറ്റാനും ഉത്തരവുകൾ നൽകിയിട്ടുണ്ട്. കിം ജോങ് പറയുന്നതനുസരിച്ച്, ഈ പേരുകൾ പാശ്ചാത്യ സംസ്കാരത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടതാണ്.നവംബർ മുതൽ, ഉത്തരകൊറിയയിലെ താമസക്കാർക്ക് അവരുടെ പേരുകൾ മാറ്റാൻ തുടർച്ചയായി നോട്ടീസ് നൽകുന്നുണ്ട്. തങ്ങളുടെ പേരുകൾ മാറ്റാൻ പൗരന്മാർക്ക് ഈ വർഷം അവസാനം വരെ സമയം നൽകിയിട്ടുണ്ട്. ഇതുമാത്രമല്ല, തന്റെ പേരിന്റെ അവസാനഭാഗത്തോട് രാഷ്ട്രീയ സന്ദേശം നൽകുന്ന എന്തെങ്കിലും ഒരു ഭാഗം കൂടി ചേർക്കുകയും വേണം. ഉത്തരകൊറിയയിലെ ഭൂരിഭാഗം ആളുകളും ഈ ഉത്തരവിൽ അതൃപ്തരാണ്. എന്നാൽ കിം ജോങിനെ ചോദ്യം ചെയ്യാനാകാതെ ഭയന്ന് ജീവിക്കുകയാണ് ജനങ്ങൾ.ഈ ഉത്തരവിൽ രോഷാകുലരായ രക്ഷിതാക്കൾ പറയുന്നത് ക്രൂരത അതിന്റെ പാരമ്യത്തിലെത്തി എന്നാണ്.ജീൻസ് മുതൽ ലെതർ ജാക്കറ്റുകൾ വരെ ഉത്തരകൊറിയയിൽ നിരോധിച്ചിട്ടുണ്ട് . മുടി ചായം പൂശുന്നതും പാശ്ചാത്യ ബ്രാൻഡഡ് ഷർട്ടുകൾ ധരിക്കുന്നതും പോലും നിരോധിച്ചിരിക്കുന്നു.






# ഇന്ത്യയുടെ പിന്മാറ്റം; 2027ലെ ഏഷ്യൻ കപ്പ് ഫുട്ബോൾ സൗദിയിൽ നടക്കുമെന്ന് ഉറപ്പായി

ജിദ്ദ: 2027-ലെ ഏഷ്യൻ കപ്പിന് ആതിഥേയത്വം വഹിക്കാനുള്ള തെരഞ്ഞെടുപ്പ് ലേല പ്രക്രിയയിൽ നിന്ന് ഇന്ത്യ പിന്മാറിയതോടെ ടൂർണമെന്റ് സൗദിയിൽ നടക്കുമെന്ന് ഉറപ്പായി.നിലവിൽ ടൂർണമെന്റ് നടത്തുന്നതിനായി ഇന്ത്യയും സൗദിയുമായിരുന്നു അപേക്ഷ സമർപ്പിച്ചിരുന്നത്. എന്നാൽ ആവശ്യത്തിൽനിന്നും ഇന്ത്യൻ ഫുട്ബോൾ ഫെഡറേഷന്റെ പിന്മാറ്റം ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷൻ (എ.എഫ്.സി) സ്ഥിരീകരിച്ചതോടെയാണ് സൗദിയുടെ കളത്തിൽ പന്തായത്. ഏഷ്യൻ കപ്പിന് ആതിഥേയത്വം വഹിക്കാനായി സൗദി, ഖത്തർ, ഇറാൻ, ഇന്ത്യ, ഉസ്ബെക്കിസ്താൻ എന്നീ രാജ്യങ്ങൾ രണ്ട് വർഷം മുമ്പ് നൽകിയ അപേക്ഷകൾ എ.എഫ്.സി പരിശോധിച്ചതിൽ നിന്നും ഇന്ത്യയുടെയും സൗദിയുടെയും അപേക്ഷകൾ മാത്രമാണ് സ്വീകരിച്ചിരുന്നത്. ഇന്ത്യ ആവശ്യത്തിൽനിന്ന് സ്വയം പിന്മാറിയതിനാൽ പട്ടികയിൽ ശേഷിക്കുന്ന സൗദിക്ക് ഏഷ്യൻ കപ്പ് ഫുട്ബാൾ ടൂർണമെന്റ് നടത്താനുള്ള അന്തിമാനുമതി ഫെബ്രുവരി ഒന്നിന് ബഹ്റൈനിൽ നടക്കുന്ന എ.എഫ്.സി റീജനൽ യോഗത്തിൽ നൽകിയേക്കും.അവസാന നിമിഷം വരെ അപേക്ഷയുമായി മുന്നോട്ട് പോയിരുന്ന ഇന്ത്യ ഇപ്പോൾ ആവശ്യത്തിൽനിന്നും പിൻവാങ്ങാനുള്ള കാരണം വ്യക്തമല്ല. കഴിഞ്ഞ ഒക്ടോബറിൽ ഇന്ത്യയിൽ നടക്കേണ്ടിയിരുന്ന അണ്ടർ 17 വനിതാ ലോകകപ്പ് മത്സരങ്ങൾ ഫിഫ റദ്ദ് ചെയ്തിരുന്നു. അഖിലേന്ത്യാ ഫുട്ബാൾ ഫെഡറേഷൻറെ ഭരണത്തിൽ പുറത്തുനിന്നുള്ള ഇടപെടൽ ഉണ്ടായതിനെ തുടർന്നായിരുന്നു ഫിഫ കൗൺസിലിന്റെ നടപടി. വിലക്ക് നീങ്ങുന്നത് വരെ ഇന്ത്യൻ ഫുട്ബാൾ ടീമിന് രാജ്യാന്തര മത്സരങ്ങൾ കളിക്കാനാവില്ലെന്നും ഫിഫ നിബന്ധന വെച്ചിട്ടുണ്ട്. ഇക്കാരണങ്ങൾ കൊണ്ടാണോ ഏഷ്യൻ കപ്പ് സംഘാടന ആവശ്യത്തിൽനിന്നും ഇന്ത്യ പിന്മാറിയതെന്ന് വരും ദിവസങ്ങളിൽ വ്യക്തമാവേണ്ടിയിരിക്കുന്നു.2023-ലെ ഏഷ്യൻ കപ്പ് നടത്തിപ്പ് ചൈനക്കായിരുന്നെങ്കിലും കോവിഡിനെത്തുടർന്ന് ചൈന പിന്മാറിയിരുന്നു. ഇതിനെത്തുടർന്ന് ലോകകപ്പിന് ആതിഥേയത്വം വഹിക്കുന്ന ഖത്തറിൽ വെച്ചായിരിക്കും അടുത്ത വർഷത്തെ ഏഷ്യൻ കപ്പ് നടക്കുക. എന്നാൽ അടുത്ത വർഷം നടക്കേണ്ട ടൂർണമെന്റ് 2024 ജനുവരിയിലേക്ക് മാറ്റാനും സാധ്യതയുണ്ട്. 1956 മുതൽ ആരംഭിച്ച ഏഷ്യൻ കപ്പ് ഫുട്ബാൾ ടൂർണമെന്റ് നേരത്തെ രണ്ട് തവണയായി ഖത്തറിൽ വെച്ച് നടന്നിരുന്നു. മൂന്ന് തവണ ടൂർണമെന്റിൽ ചാമ്പ്യന്മാരായിട്ടുണ്ടെങ്കിലും സൗദിയിൽ ഇതുവരെ ഏഷ്യൻ കപ്പ് ഫുട്ബാൾ ടൂർണമെന്റ് നടന്നിട്ടില്ല.

# ഇന്ത്യൻ ടീമിനെ ഷെഫാലി വർമ നയിക്കും

മുംബൈ: അണ്ടർ 19 വനിതാ ലോകകപ്പിനുള്ള ഇന്ത്യൻ ടീമിനെ സീനിയർ താരം ഷെഫാലി വർമ നയിക്കും. അടുത്ത ജനുവരിയിൽ ദക്ഷിണാഫ്രിക്കയിലാണ് ടൂർണമെന്റ് നടക്കുന്നത്.ശ്വേത സെഹ്രാവത് ടീമിന്റെ വൈസ് ക്യാപ്റ്റനാവും. ഇന്ത്യൻ സീനിയർ താരം റിച്ചാ ഘോഷും 15 അംഗ ടീമിൽ ഇടം നേടിയിട്ടുണ്ട്. മലയാളി താരം നജ്‌ല സിഎംഎസ് സ്റ്റാൻഡ് ബൈ താരമായി ടീമിലെത്തി. ഷെഫാലി 2019 ഇന്ത്യയുടെ സീനിയർ ടീമിൽ അരങ്ങേറിയ താരമാണ്. 46 ടി20 മത്സരങ്ങളും 21 ഏകദിനങ്ങളും ഇന്ത്യൻ ജേഴ്സിയിൽ കളിച്ചു. രണ്ട് ടെസ്റ്റുകളിൽ ഷെഫാലി ഇന്ത്യൻ ടീമിന്റെ ഭാഗമായി. ടി20യിൽ 134.52 സ്ട്രൈക്ക് റേറ്റിലാണ് താരം റൺ കണ്ടെത്തുന്നത്. 46 ഇന്നിംഗ്സിൽ നിന്ന് 1091 റൺസാണ് സമ്പാദ്യം. 19കാരിയായ റിച്ച ഇന്ത്യക്ക് വേണ്ടി 25 ടി20 മത്സരങ്ങളും 17 ഏകദിനങ്ങളും കളിച്ചിട്ടുണ്ട്.ലോകകപ്പിന് മുന്നോടിയായി ഇന്ത്യൻ ടീം ദക്ഷിണാഫ്രിക്കയ്ക്കെതിരെ അഞ്ച് ടി20 മത്സരങ്ങൾ കളിക്കും. ഡിസംബർ 27 മുതൽ ജനുവരി 4 വരെയാണ് പരമ്പര. 14ന് ലോകകപ്പിലെ ഉദ്ഘാടന മത്സരത്തിൽ ദക്ഷിണാഫ്രിക്കയെ തന്നെ നേരിടും. ഗ്രൂപ്പ് ഡിയിലാണ് ഇന്ത്യ മത്സരിക്കുന്നത്. ദക്ഷിണാഫ്രിക്കയ്ക്ക് പുറമെ സ്കോട്‌ലൻഡ്, യുഎഇ എന്നിവരാണ് ഗ്രൂപ്പിലെ മറ്റുതാരങ്ങൾ.ഇന്ത്യൻ ടീം: ഷെഫാലി വർമ(ക്യാപ്റ്റൻ), ശ്വേത സെഹ്രാവത്(വൈസ് ക്യാപ്റ്റൻ), റിച്ചാ ഘോഷ്, ജി തൃഷ്, സൗമ്യ തിവാരി, സോണിയ മെന്ദിയ, ഹേർലി ഗല, ഹ്രിഷിത ബസു, സോനം യാദവ്, മന്നത് കശ്യപ്, അർച്ചന ദേവി, പർഷവി ചോപ്ര, തിദാസ് സദു, ഫലക് നാസ്, ഷബ്നം എം ഡി. സ്റ്റാൻഡ് ബൈ താരങ്ങൾ: ശിഖ, നജ്‌ല സിഎംസി, യഷശ്രീ.





# സംസ്ഥാന മാസ്റ്റേഴ്സ് ഗെയിംസ് ടെന്നീസ് ട്രോഫി എറണാകുളം നേടി

ഡിസംബർ മൂന്ന് നാല് ദിവസങ്ങളായി കൊച്ചിയിൽ നടന്ന നാലാമത് സംസ്ഥാന മാസ്റ്റേഴ്സ് ഗെയിംസ് ടെന്നീസ് ടൂർണമെന്റ് എറണാകുളം ജില്ല 127 പോയിന്റ് കരസ്ഥമാക്കി ഓവറോൾ ചാമ്പ്യൻമാരായി52 പോയിന്റ് നേടി തിരുവനന്തപുരം ജില്ല രണ്ടാം സ്ഥാനക്കാരായി. ഹൈകോർട്ട് ജസ്റ്റിസ് ജയശങ്കർ നമ്പ്യാർ വിജയികൾക്ക് മെഡലും സർട്ടിഫിക്കറ്റും സമ്മാനിച്ചു.എറണാകുളത്തിന് വേണ്ടി ക്യാപ്റ്റനും ടെന്നീസ് മാസ്റ്റേഴ്സ് കൺവീനറുമായ ഷിനു ഗോപാൽ ട്രോഫി സ്ഥീകരിച്ചു. തിരുവനന്തപുരത്തിന് വേണ്ടി ക്യാപ്റ്റനും തിരുവനന്തപുരം ജില്ല ടെന്നീസ് കൺവീനറുമായ ബിജു വിജയൻ ട്രോഫി സ്ഥീകരിച്ചു. വൈകുന്നേരം നടന്ന ചടങ്ങിൽ ജസ്റ്റിസ് ജയശങ്കർ നമ്പ്യാർ മുഖ്യ അതിഥിയായി . സംസ്ഥാന മാസ്റ്റേഴ്സ് ഗെയിംസ് ടെന്നീസ് കൺവീനർ ഷിനു ഗോപാൽ സ്വാഗതവും എറണാകുളം ജില്ലാ മാസ്റ്റേഴ്സ് ഗെയിംസ് പ്രസിഡന്റ് തോമസ് ബാബു നന്ദിയും പറഞ്ഞു. സ്റ്റേറ്റ് മാസ്റ്റേഴ്സ് ഗെയിംസ് സീനിയർ വൈസ് പ്രസിഡന്റ് ഷിബു ഹോർ മസ് സംസാരിച്ചു.





# കേരള ടെന്നീസ് റാങ്കിങ് ടൂർണമെന്റ് തൃശൂരിൽ

ശ്രീ ചിത്ര ടൂർണമെൻറ് ഉദ്ഘാടനം കേരള ഹൈക്കോടതി ജഡ്ജ് എ കെ. ജയശങ്കരൻ നമ്പ്യാർ ഉത്ഘാടനം ചെയ്തു. കേരള ടെന്നീസ് അസോസിയേഷന് വേണ്ടി തൃശ്ശൂർ ടെന്നീസ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ഈ കേരള വ്യക്തിഗത റാങ്കിങ് മത്സരം ഡിസംബർ 1 മുതൽ 7 വരെ കിണറ്റിങ്കൽ ടെന്നീസ് & സ്പോർട്സ് അക്കാദമിയിൽ വച്ചാണ് നടക്കുന്നത്.അഡ്വ. എം. എച്ച് മുഹമ്മദ് ബഷീർ സ്വാഗതം ആശംസിച്ചു. **K K** രാമചന്ദ്രൻ , **Adv** റോബ്സൺ പോൾ **Adv** സോമ കുമാർ **Prof** ടി ഡി ഫ്രാൻസിസ് മധു രാമസ്വാമി **Dr.** ആന്റോ ടി ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു.



# ഇന്ത്യൻ ടീമിൽ ഇടം നേടി നജ്‌ല

അണ്ടർ 19 വനിതാ ടി20 ലോകകപ്പിനുള്ള ഇന്ത്യൻ ടീമിൽ ഇടം നേടി മലയാളി പെൺകുട്ടി.മലപ്പുറം തിരൂർ സ്വദേശിനി നജ്‌ല സി.എം. സിയാണ് ലോകകപ്പിനുള്ള വനിതാ സംഘത്തിൽ ഇടം നേടിയത്.വലം കൈ ബാറ്ററും, ഓഫ് സ്പിന്നറുമായ നജ്‌ല വയനാട് കെസിഎ വിമൺസ് അക്കാദമിയിലാണ് പരിശീലനം നേടിയത്.ജനുവരിയിൽ ദക്ഷിണാഫ്രിക്കയിൽ നടക്കുന്ന ടൂർണമെന്റിൽ ഷെഫാലി വർമയാണ് ഇന്ത്യൻ ടീമിനെ നയിക്കുക.സീനിയർ താരം റിച്ചാ ഘോഷും ടീമിൽ ഇടം നേടിയിട്ടുണ്ട്.നജ്‌ലയ്ക്കൊപ്പം യഷശ്രീയും സ്റ്റാൻഡ് ബൈ താരമായി ടീമിലിടം നേടിയിട്ടുണ്ട്. ലോകകപ്പിന് മുന്നോടിയായി, ഡിസംബർ 27 മുതൽ ജനുവരി 4 വരെ ഇന്ത്യ ദക്ഷിണാഫ്രിക്കയ്ക്കെതിരെ അഞ്ച് ടി20 മത്സരങ്ങൾ കളിക്കും. ജനുവരി 14നാണ് ലോകകപ്പ് മത്സരങ്ങൾ തുടങ്ങുന്നത്.ഉദ്ഘാടന മത്സരത്തിൽ, ഗ്രൂപ്പ് ഡിയിൽ ഇന്ത്യ ദക്ഷിണാഫ്രിക്കയെ നേരിടും.സ്കോട്‌ലൻഡ്, യുഎഇ എന്നിവരാണ് ഗ്രൂപ്പിലെ മറ്റു ടീമുകൾ.നാല് ഗ്രൂപ്പുകളിലായി 16 ടീമുകളാണ് ലോകകപ്പിൽ മത്സരിക്കുന്നത്. ആദ്യ റൗണ്ട് മത്സരങ്ങൾക്കുശേഷം ഒരു ഗ്രൂപ്പിൽനിന്ന് മൂന്ന് ടീമുകളാണ് അടുത്ത റൗണ്ടിലേക്ക് മുന്നേറുക.അവരെ ആറ് ടീമുകളുള്ള രണ്ട് ഗ്രൂപ്പുകളായി തിരിച്ചായിരിക്കും തുടർന്നുള്ള മത്സരങ്ങൾ.ഓരോ ഗ്രൂപ്പിൽ നിന്നും രണ്ട് ടീമുകൾ സെമിയിൽ പ്രവേശിക്കും.

# വൈകാതെ തന്നെ ഞാൻ ഇന്ത്യയ്ക്ക് വേണ്ടി കളിക്കും, ആത്മവിശ്വാസം പ്രകടിപ്പിച്ച് യുവതാരം



അധികം വൈകാതെതന്നെ ഇന്ത്യൻ ടീമിന് കളിക്കാൻ സാധിക്കുമെന്ന് ആത്മവിശ്വാസം പ്രകടിപ്പിച്ച് രാജസ്ഥാൻ റോയൽസിന്റെ ആസം യുവതാരം റിയാൻ പരാഗ്കുമാർ സംഗക്കാരയ്ക്കും സഞ്ജു സാംസണും തന്നിൽ ഏറെ വിശ്വാസമുണ്ടെന്നും അവർ ഏൽപ്പിച്ച ജോലി ഭംഗിയായി ഐ പി എല്ലിൽ താൻ നിർവഹിക്കുമെന്നും പരാഗ് പറഞ്ഞു കുമാർ സംഗക്കാരയ്ക്കും സഞ്ജു ഉൾപ്പെടെയുള്ള മുഴുവൻ സംഘത്തിനും എന്നിലേറെ വിശ്വാസമുണ്ട്. കഴിഞ്ഞ നാല് വർഷങ്ങളിൽ ആദ്യ വർഷം മികച്ച പ്രകടനം ഞാൻ പുറത്തെടുത്തു. എന്നാൽ പിന്നീട് എനിക്ക് മികവ് പുലർത്താൻ സാധിച്ചില്ല. രാജസ്ഥാൻ റോയൽസ് എന്നെ ഏൽപ്പിച്ചത് ടി20 ക്രിക്കറ്റിലെ ഏറ്റവും കഠിനമായ ജോലിയാണ്. ഞാൻ ഏറ്റെടുക്കാൻ ആഗ്രഹിക്കുന്ന വെല്ലുവിളി കൂടിയാണിത്. സമ്മർദ്ദം നിറഞ്ഞ ടി20 മത്സരത്തിൽ ആറാമനായോ ഏഴാമനായോ ബാറ്റ് ചെയ്യുകയെന്നത് എളുപ്പമല്ല. പക്ഷേ അത് പഠിച്ചെടുക്കാനുള്ള വഴിയിലാണ് ഞാനുള്ളത്. 'ഞാൻ ഇപ്പോൾ എന്റെ കരിയറിനാണ് പ്രാധാന്യം നൽകുന്നത്. വരും വർഷങ്ങളിൽ തീർച്ചയായും ഇന്ത്യയ്ക്ക് വേണ്ടി കളിക്കാൻ എനിക്ക് സാധിക്കും. അതാണ് എന്റെ ലക്ഷ്യം. ഞാൻ ചെയ്യുന്നതെല്ലാം അതിന് വേണ്ടിയാണ്. ' റിയാൻ പരാഗ് പറഞ്ഞു.വിജയ് ഹസാരെ ട്രോഫിയിൽ ആസാമിന് വേണ്ടി തകർപ്പൻ പ്രകടനമാണ് താരം കാഴ്ച്ചവെച്ചത്. മൂന്ന് സെഞ്ചുറികൾ ഉൾപ്പടെ ഈ സീസണിൽ 552 റൺസ് താരം അടിച്ചുകൂട്ടിയിരുന്നു.

# ട്രിപ്പിൾ സ്വർണ നേട്ടവുമായി ശിവപ്രിയ

**തിരുവനന്തപുരം** :സംസ്ഥാന സ്കൂൾ കായികമേളയിൽ ട്രിപ്പിൾ സ്വർണവുമായി ശിവപ്രിയ. നാട്ടിക ഫിഷറീസ് സ്കൂളിലെ വിദ്യാർഥിയാണ് ശിവപ്രിയ.സീനിയർ പെൺകുട്ടികളുടെ ലോങ്ജംപ്, ഹഡിൽസ്, ട്രിപ്പിൾ ജംപ് എന്നീ ഇനങ്ങളിലാണ് ശിവപ്രിയ സ്വർണം നേടിയത്. 11.57 ആണ് ട്രിപ്പിൾ ജംപിൽ ശിവപ്രിയ ചാടിയ ദൂരം.




# കൊറിയക്കെതിരായ ബ്രസീലിന്റെ മിന്നും വിജയം പെലെയ്ക്ക് സമർപ്പിച്ച് താരങ്ങൾ

കൊറിയയെ 4 ഗോളിൽ മുക്കിയ ബ്രസീലിന്റെ മിന്നും വിജയത്തെ ഇതിഹാസ താരം പെലെയ്ക്ക് സമർപ്പിച്ച് ബ്രസീൽ താരങ്ങൾ. കളിക്കളത്തിൽ ഇറങ്ങുന്നതിന് മുമ്പ് തന്നെ ബ്രസീൽ താരങ്ങൾക്ക് പെലെ ആശംസകളും നേർന്നിരുന്നു. നിങ്ങൾ വിജയിച്ച് വരൂ എന്നാണ് പെലെ താരങ്ങളോട് പറഞ്ഞത്. ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നതിനിടെ താൻ ശക്തനായിരിക്കുന്നുവെന്ന പ്രതികരണവും ഫുട്ബോൾ ഇതിഹാസം പെലെ കഴിഞ്ഞ ദിവസം നടത്തിയിരുന്നു. ഇൻസ്റ്റഗ്രാം കുറിപ്പിലൂടെയാണ് പെലെയുടെ പ്രതികരണം. എല്ലാവരെയും പോസിറ്റീവായി നിലനിർത്താൻ താൻ ആഗ്രഹിക്കുന്നു. ചികിത്സ തുടരുകയാണ്. തന്നെ പരിചരിക്കുന്ന ആരോഗ്യ പ്രവർത്തകർക്ക് നന്ദി അറിയിക്കുന്നതായും പെലെ കുറിച്ചു.എനിക്ക് ദൈവത്തിൽ വളരെയധികം വിശ്വാസമുണ്ട്, ലോകമെമ്പാടുമുള്ള നിങ്ങളിൽ നിന്ന് എനിക്ക് ലഭിക്കുന്ന സ്നേഹത്തിന്റെ ഓരോ സന്ദേശവും എന്നെ ഊർജ്ജസ്വലനാക്കുന്നു. ലോകകപ്പിൽ ബ്രസീലിനെ കൂടി കാണുക! എല്ലാത്തിനും വളരെ നന്ദി'.

അദ്ദേഹം ട്വീറ്റ് ചെയ്തു. അർബുദ ബാധിതനായി ചികിത്സയിൽ കഴിയുന്ന പെലെയെ പാലിയേറ്റീവ് കെയർ യൂണിറ്റിൽ പ്രവേശിപ്പിച്ചിരുന്നു. പെലയ്ക്ക് കീമോതെറാപ്പിയിലൂടെ പ്രതീക്ഷിച്ച ഫലം ലഭിക്കാതെ വന്നതോടെയാണ് പാലിയേറ്റീവ് കെയർ യൂണിറ്റിൽ പ്രവേശിപ്പിച്ചതെന്ന് റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്തു.ചൊവ്വാഴ്ചയാണ് 82കാരനായ പെലെയെ അർബുദ ചികിത്സയുടെ ഭാഗമായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. പെലെയ്ക്ക് ശ്വാസകോശ സംബന്ധമായ അണുബാധ ഉണ്ടെന്നും മെഡിക്കൽ റിപ്പോർട്ടുകൾ പറയുന്നു. കീമോതെറാപ്പി ഇപ്പോൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണെന്നും പെലെയെ സാന്ത്വന പരിചരണ വിഭാഗത്തിൽ പ്രവേശിപ്പിച്ചിരിക്കുകയാണെന്നും റോയിട്ടേഴ്സ് റിപ്പോർട്ടിൽ പറയുന്നു. നിലവിൽ വേദന, ശ്വാസതടസ്സം തുടങ്ങിയ ലക്ഷണങ്ങൾക്ക് മാത്രമാണ് ചികിത്സ നൽകുന്നത്.അട്ടിമറികളുമായി പ്രീ ക്വാർട്ടറിൽ പ്രവേശിച്ച ഏഷ്യൻ കരുത്ത് കൊറിയയെ 4 ഗോളിൽ മുക്കിയായിരുന്നു ബ്രസീലിന്റെ മിന്നും വിജയം. അതിന് പിന്നാലെയാണ് ഇതിഹാസ താരം പെലെയ്ക്ക് ബ്രസീൽ താരങ്ങൾ ഈ വിജയം സമർപ്പിച്ചത്. ആദ്യ പകുതിയിലെ ദയനീയ പ്രകടനത്തിന് ശേഷം രണ്ടാം പകുതിയിൽ ബ്രസീലിനെതിരെ ഒരു ഗോൾ മടക്കിയെങ്കിലും വിജയിക്കാൻ കൊറിയയ്ക്ക് അത് പോരായിരുന്നു. കളിയുടെ 76ാം മിനിറ്റിൽ പാലിക്ക് സേ ഉങ് ആണ് കൊറിയയ്ക്കായി ഗോൾ നേടിയത്. കോർണറിൽ നിന്ന് തുറന്നെടുത്ത അവസരമാണ് ബ്രസീൽ പ്രതിരോധ നിരയെ മറികടന്ന് ബോക്സിന് പുറത്തുനിന്നുള്ള തകർപ്പൻ ഷോട്ടിലൂടെ ഗോളായി മാറിയത്. ക്രൊയേഷ്യ ആയിരിക്കും ബ്രസീലിന്റെ ക്വാർട്ടറിലെ എതിരാളികൾ.കൊറിയൻ കരുത്തിനെ മത്സരത്തിന്റെ തുടക്കത്തിൽ തന്നെ 4 ഗോളുകളടിച്ച് ബ്രസീൽ പ്രതിരോധത്തിലാക്കിയിരുന്നു. വിനീഷ്യസും നെയ്മറും റിച്ചാർലിസനും പെക്വുറ്റയുമാണ് ബ്രസീലിനായി ഗോളുകൾ നേടിയത്. മത്സരത്തിന്റെ ഏഴാം മിനിറ്റിലാണ് വിനീഷ്യസ് ഗോൾ നേടിയത്. പതിനൊന്നാം മിനിറ്റിൽ പെനാൽറ്റിയിലൂടെ നെയ്മറും ഗോൾ കണ്ടെത്തുകയായിരുന്നു. മത്സരത്തിന്റെ 28ാം മിനിറ്റിലാണ് റിച്ചാർലിസന്റെ ഗോൾ പിറന്നത്. 36ാം മിനിറ്റിൽ വിനീഷ്യസിന്റെ പാസിൽ നിന്നുമാണ് പെക്വുറ്റ ഗോൾ നേടിയത്. ഈ ലോകകപ്പിലെ റിച്ചാർലിസന്റെ മൂന്നാം ഗോളാണിത്.പരുക്കിൽ നിന്ന് മുക്തനായ നെയ്മറിനെ ആദ്യ ഇലവനിൽ ഉൾപ്പെടുത്തിയാണ് പരിശീലകൻ ടിറ്റെ ടീമിനെ പ്രഖ്യാപിച്ചത്. മടങ്ങി വരവ് ഗംഭീരമാക്കാൻ നെയ്മറിനായി. ലോകകപ്പ് പ്രീ ക്വാർട്ടറിൽ ദക്ഷിണ കൊറിയയെ നേരിട്ട ബ്രസീൽ ടീമിൽ നെയ്മർ തിരിച്ചെത്തിയത് ആരാധകർക്കും ആവേശമായി. പരുക്ക് മൂലം കഴിഞ്ഞ മത്സരങ്ങളിൽ കളിക്കാതിരുന്ന ഡനീലോയും ആദ്യ ഇലവനിലുണ്ടായിരുന്നു.



# പൊരുതി വീണ് ജപ്പാൻ; ക്രൊയേഷ്യ ക്വാർട്ടറിൽ

ആവേശകരമായ മത്സരത്തിനൊടുവിൽ ജപ്പാനെ തോൽപിച്ച് ക്രൊയേഷ്യ ക്വാർട്ടറിലെത്തി. പെനൽറ്റി ഷൂട്ടൗട്ടിലാണ് ക്രൊയേഷ്യയുടെ വിജയം. നിശ്ചിത സമയത്തും അധികസമയത്തും ഇരു ടീമുകളും ഓരോ ഗോൾ വീതം നേടി(11) സമനില പാലിച്ചതോടെയാണ് മത്സരം പെനൽറ്റി ഷൂട്ടൗട്ടിലേക്ക് എത്തിയത്. ഖത്തർ ലോകകപ്പിൽ ആദ്യമായണ് മത്സരം ഷൂട്ടൗട്ടിലേക്ക് എത്തുന്നത്. പ്രീക്വാർട്ടറിലെ ഇതിന് മുമ്പത്തെ മത്സരങ്ങൾ നിശ്ചിത സമയത്ത് തന്നെ അവസാനിച്ചിരുന്നു.ജപ്പാനായി ആദ്യപകുതിയിൽ ഡയ്സൻ മയേഡയും (43ാം മിനിറ്റ്) ക്രൊയേഷ്യയ്ക്കായി രണ്ടാം പകുതിയിൽ ഇവാൻ പെരിസിച്ചും (55ാം മിനിറ്റ്) ഗോൾ നേടി. ഇരു ടീമുകൾക്കും ലീഡ് നേടാൻ ഒട്ടേറെ അവസരങ്ങൾ ലഭിച്ചെങ്കിലും മുതലാക്കാനായില്ല.ആദ്യ പകുതിയിൽ ഒരു ഗോൾ നേടി ജപ്പാൻ ഞെട്ടിച്ചുവെങ്കിലും രണ്ടാം പകുതിയുടെ ആദ്യത്തിൽ ക്രൊയേഷ്യ ഒപ്പമെത്തി. 55ാം മിനുറ്റിലായിരുന്നു പെരിസിച്ചിന്റെ സമനില ഗോൾ. ഹെഡറിലൂടെയാണ് പെരിസിച്ച് ക്രൊയേഷ്യയെ ഒപ്പമെത്തിച്ചത്(11). ജപ്പാൻ പകുതിയിലേക്ക് ക്രൊയേഷ്യ നടത്തിയ ഉജ്വലമായ മുന്നേറ്റത്തിനൊടുവിൽ ബോക്സിലേക്ക് ദെയാൻ ലോവ്റെന്റെ ക്രോസിന് പെരിസിച്ച് തലവെക്കുകയായിരുന്നു.അതേസമയം മത്സരത്തിന്റെ മൂന്നാം മിനിറ്റിൽത്തന്നെ ജപ്പാന് ലീഡു നേടാൻ സുവർണാവസരം ലഭിച്ചതാണ്. ക്ലോസ് റേഞ്ചിൽനിന്നും ഹെഡറിലൂടെ പന്തിനു ഗോളിലേക്കു വഴികാട്ടാനുള്ള അവസരം തനിഗുച്ചി പാഴാക്കി. പന്തു പോയത് പുറത്തേക്ക്. ഒൻപതാം മിനിറ്റിൽ ക്രൊയേഷ്യയ്ക്കും ലഭിച്ചു ഒരു സുവർണാവസരം. ജപ്പാൻ പ്രതിരോധനിര താരം തകേഹിരോ തോമിയാസുവിന്റെ മൈനസ് പാസ് പിടിച്ചെടുത്ത ഇവാൻ പെരിസിച്ചിന് ഗോൾകീപ്പർ മാത്രം മുന്നിൽ നിൽക്കെ പന്ത് ലക്ഷ്യത്തിലെത്തിക്കാനായില്ല. 13ാം മിനിറ്റിൽ ക്രൊയേഷ്യൻ പോസ്റ്റിന് സമാന്തരമായി എത്തിയ ഉജ്വല ക്രോസിന് കാലുവെക്കാൻ ജപ്പാൻ താരങ്ങൾക്ക് സാധിക്കാതെ പോയതാണ് ക്രൊയേഷ്യയുടെ ഭാഗ്യം.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com